2023
MAY
25
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സ്മാർട് മീറ്ററിൽ പ്രതിസന്ധി: തിരക്കിട്ടു വേണ്ടെന്ന് സംസ്ഥാനം



**തിരുവനന്തപുരം:** സ്മാർട് മീറ്റർ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ സർക്കാർ തീരുമാനമെടുക്കുന്നതുവരെ പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കെഎസ്ഇബിക്ക് സർക്കാർ നിർദേശം. സ്മാർട് മീറ്റർ സംബന്ധിച്ച് ഇന്ന് തൊഴിലാളി യൂണിയനുകളുമായി മന്ത്രി ചർച്ച നടത്തിയിരുന്നു. പദ്ധതി നിർത്തിവയ്ക്കാൻ നിർദേശം നൽകിയതായി മന്ത്രി യോഗത്തിൽ വ്യക്തമാക്കി.

നിർദേശം നൽകിയെങ്കിൽ ഉത്തരവ് എവിടെയെന്ന് തൊഴിലാളി പ്രതിനിധികൾ ചോദിച്ചു. എന്നാൽ, മന്ത്രിക്ക് വ്യക്തമായ മറുപടി ഉണ്ടായില്ല. പിന്നീടാണ് ഉത്തരവ് സർക്കാർ പുറത്തുവിട്ടത്. പഴയ തീയതിവച്ച് യോഗത്തിനുശേഷമാണ് ഉത്തരവിറക്കിയതെന്ന് തൊഴിലാളി യൂണിയനുകൾ പറയുന്നു. കഴിഞ്ഞ മാസം 24ന് പദ്ധതി നിർത്തിവച്ച് ഉത്തരവിറങ്ങിയെങ്കിൽ എങ്ങനെയാണ് 29ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതെന്നും സംഘടനകൾ ചോദിക്കുന്നു. ടെണ്ടർ പൂർത്തിയായശേഷം പദ്ധതി നിർത്തിവയ്ക്കുന്നത് നിയമപ്രശ്നങ്ങൾക്ക് കാരണമായേക്കാം.

പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സബ്സിഡിയായി ലഭിക്കേണ്ട കോടിക്കണക്കിനു രൂപ മറ്റു സംസ്ഥാനങ്ങൾക്കു നൽകുമെന്നാണു കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. തിരക്കിട്ടുവേണ്ടെന്നും ഘട്ടംഘട്ടമായി മതിയെന്നുമുള്ള നിലപാടിലാണു ഒരുവിഭാഗം വിദഗ്ധരും ബോർഡിലെ സംഘടനകളും. സ്മാർട് മീറ്ററിൽ പ്രീ പെയ്ഡ് സൗകര്യം ഉള്ളതിനാൽ വൈദ്യുതി ഉപയോഗം ഉപഭോക്താക്കൾക്കു നിരീക്ഷിക്കാനാകും. മൊബൈൽ ആപ്പുകളും ഇതിനായി ഉപയോഗിക്കാം.

ഓഫിസിൽ ഇരുന്നുതന്നെ വൈദ്യുതി ബന്ധം വിഛേദിക്കാനും പുനഃസ്ഥാപിക്കാനും എത്ര വൈദ്യുതി ഉപയോഗിച്ചു എന്ന് കണക്കാക്കാനും ബോർഡ് അധികൃതർക്കു കഴിയും. ഇപ്പോൾ വൈദ്യുതി ഉപയോഗിച്ച് ഒരു മാസം കഴിയുമ്പോഴാണു ബോർഡിനു പണം ലഭിക്കുന്നത്. പ്രീ പെയ്ഡ് സ്മാർട് മീറ്റർ വന്നാൽ പണം അഡ്വാൻസ് ആയി ലഭിക്കും. ഉപയോക്താക്കളിൽനിന്നു കാഷ് ഡിപ്പോസിറ്റ് പിരിക്കുന്നതും 4000 മീറ്റർ റീഡർമാരും ഇല്ലാതാകും. ഉപയോഗിക്കുന്ന സമയത്തിനനുസരിച്ചു വ്യത്യസ്ത നിരക്ക് നിലവിൽ വരും. നിരക്കു കൂടുതലുള്ള സമയം ഉപഭോക്താവിനു വേണമെങ്കിൽ ഉപയോഗം കുറയ്ക്കാം.

വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള തുകയുടെ 60 ശതമാനവും സ്മാർട് മീറ്റർ സ്ഥാപിക്കുന്നതിന്റെ 15 ശതമാനവും (പരമാവധി 900 രൂപ) ആണു കേന്ദ്ര സബ്സിഡി. കേന്ദ്രം എംപാനൽ ചെയ്ത സ്വകാര്യകമ്പനികളെ പദ്ധതി ഏൽപിക്കുന്നതിലാണു സംഘടനകൾക്ക് എതിർപ്പ്. സ്മാർട് മീറ്ററുകളിൽ ഏറെയും ഇറക്കുമതി ചെയ്യുന്നതാണ്. കേന്ദ്ര സ്ഥാപനമായ സിഡാക് ഇതു നിർമിക്കുന്നതിന്റെ സാങ്കേതികവിദ്യ വികസിപ്പിക്കുകയും ആറോളം കമ്പനികൾക്കു കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചു നിർമിക്കുന്ന സ്മാർട് മീറ്ററിനു വില കുറവാണെന്നും അതാണു കേരളത്തിൽ സ്ഥാപിക്കേണ്ടതെന്നുമാണു ബോർഡിലെ സംഘടനകളുടെ വാദം.

ട്രാൻസ്ഫോമർ, ലൈനുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന സ്മാർട് മീറ്ററിന്റെ സർവീസ് ചാർജ് സ്വകാര്യ കമ്പനിക്കു വൈദ്യുതി ബോർഡ് നൽകണം. ആദ്യഘട്ടമായി 37 ലക്ഷം സ്മാർട് മീറ്റർ സ്ഥാപിക്കാനാണു ബോർഡ് തീരുമാനിച്ചിരിക്കുന്നത്. സ്മാർട് മീറ്റർ സ്ഥാപിക്കുന്ന കമ്പനി 7വർഷം വരെ അതു പരിപാലിക്കുമെന്നാണു ചില സംസ്ഥാനങ്ങളിൽ ഒപ്പുവച്ച കരാറിൽ പറയുന്നത്. ഇതിനായി ഉപയോക്താക്കൾ മാസം 80,100 രൂപ കമ്പനിക്കു നൽകണം.

കേരളത്തിൽ ഒരാളുടെ റീഡിങ് എടുക്കുന്നതിന് ഇപ്പോൾ 8 രൂപയാണു ചെലവ്. പുറമേ മീറ്റർ വാടക കൂടി ചേർത്താലും ഇത്രയും തുക വരുന്നില്ലെന്ന് പദ്ധതിയെ എതിർക്കുന്നവർ പറയുന്നു. മീറ്ററിലെ റീഡിങ് അനുസരിച്ചു ബിൽ നൽകുന്നതും കമ്പനിയുടെ ചുമതലയാണ്. ഇത്തരം വിവരങ്ങൾ സ്വകാര്യ കമ്പനിക്കു നൽകുന്നതിനോടും ബോർഡിലെ സംഘടനകൾക്ക് എതിർപ്പുണ്ട്.



## 2000 രൂപ നോട്ട് ട്രഷറിയിൽ അടയ്ക്കാം; മാറ്റിത്തരില്ല

**തിരുവനന്തപുരം :** രണ്ടു ദിവസത്തെ അനിശ്ചിതത്വത്തിനൊടുവിൽ സംസ്ഥാനത്തെ ട്രഷറി ശാഖകളിൽ 2000 രൂപയുടെ നോട്ടു സ്വീകരിക്കാൻ സർക്കാർ നിർദേശം നൽകി. ഇന്നലെ ഉച്ചയോടെ ട്രഷറി ഡയറക്ടർ സർക്കുലർ പുറത്തിറക്കിയതിനു പിന്നാലെ 2000 രൂപയുടെ നോട്ടു സ്വീകരിച്ചു തുടങ്ങി. വെള്ളിയാഴ്ച രാത്രി 2000 രൂപയുടെ നോട്ടു ബാങ്കുകളിൽ മടക്കി നൽകണമെന്ന റിസർവ് ബാങ്കിന്റെ നിർദേശം വന്നതിനു പിന്നാലെ നോട്ടു സ്വീകരിക്കേണ്ടെന്നാണ് ട്രഷറി ശാഖകൾക്കു വാക്കാൽ നിർദേശം നൽകിയത്. ഇതു കാരണം ശനിയാഴ്ച ട്രഷറി ശാഖകളിൽ നോട്ടു സ്വീകരിച്ചില്ല. പുതുക്കിയ നിർദേശം ലഭിക്കാത്തതിനാൽ ഇന്നലെ ഉച്ച വരെയും സ്വീകരിച്ചില്ല.

ട്രഷറിയിൽ അടയ്ക്കുന്ന തുകയിൽ എത്ര 2000 രൂപയുടെ നോട്ടുകളുണ്ടെന്ന് പേ ഇൻ സ്ലിപ്പിൽ രേഖപ്പെടുത്തണമെന്ന് സർക്കുലറിൽ പറയുന്നു. ബാങ്കിലേതു പോലെ 2000 രൂപയുടെ നോട്ട് ട്രഷറിയിൽ മാറ്റി നൽകില്ല. ട്രഷറിയിൽ നിന്ന് 2000 രൂപയുടെ നോട്ട് ഇടപാടുകാർക്ക് നൽകരുതെന്നും ഡയറക്ടറുടെ സർക്കുലറിലുണ്ട്.

20000 രൂപയുടെ വരെ മൂല്യമുള്ള 2000 നോട്ടുകൾ ഒറ്റത്തവണ മാറ്റിയെടുക്കാൻ രേഖകളോ അപേക്ഷാ ഫോമോ വേണ്ടെന്ന് റിസർവ് ബാങ്ക് വ്യക്തമാക്കിയെങ്കിലും ആശയക്കുഴപ്പം നിലനിൽക്കുന്നതായി ഉപയോക്താക്കൾ. ഇന്നലെ 2000 രൂപ നിക്ഷേപിക്കാൻ എത്തിയവരോടു പോലും ചില ബാങ്കുകൾ പാൻ കാർഡ് അടക്കമുള്ള രേഖകൾ ചോദിക്കുന്നുണ്ടെന്ന് ഉപയോക്താക്കൾ പറയുന്നു.

നോട്ടുമാറൽ സംബന്ധിച്ച് ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ പൊതു നിർദേശമില്ലാത്തതിനാലും വിവിധ ബാങ്കുകളിൽ വ്യത്യസ്ത രീതികളാണ്. 2016ലെ നോട്ടുനിരോധനത്തെ തുടർന്ന് നോട്ടുകൾ മാറ്റിയെടുക്കാനെത്തുന്നവരുടെ കൈകളിൽ തിരഞ്ഞെടുപ്പുകളിലേതു പോലെ മഷി പുരട്ടിയിരുന്നു.

20000 രൂപ മൂല്യമുള്ള 2000 നോട്ടുകൾ രേഖയില്ലാതെ മാറിയെടുക്കാൻ അനുവദിക്കുന്ന ആർബിഐ, എസ്ബിഐ വിജ്ഞാപനങ്ങൾക്കെതിരെ ഡൽഹി ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹർജിയെത്തി.

വിജ്ഞാപനം പിൻവലിക്കാനും നിയമവിരുദ്ധമാണെന്നു ഉത്തരവിടാനും കോടതി നിർദേശിക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപി നേതാവു കൂടിയായ അശ്വിനി കുമാർ ഉപാധ്യായ ആണ് ഹർജി നൽകിയത്.

## ആഭ്യന്തര വിമാന യാത്രക്കാരുടെ എണ്ണത്തിൽ റെക്കോർഡ് വളർച്ച

**ന്യൂഡൽഹി:** ആഭ്യന്തര വിമാന യാത്രക്കാരുടെ എണ്ണത്തിൽ മുൻ വർഷത്തെക്കാൾ 42.8% വർധന. വിമാനക്കമ്പനികൾ സമർപ്പിച്ച ട്രാഫിക് കണക്കുകൾ പ്രകാരം യാത്രക്കാരുടെ എണ്ണം റെക്കോർഡ് ഭേദിച്ച് 5.032 കോടിയായി.

കഴിഞ്ഞ വർഷം യാത്രക്കാരുടെ എണ്ണം 3.52 കോടിയായിരുന്നു. പ്രതിമാസ വളർച്ചാ നിരക്ക് 2022 ഏപ്രിലിനും 2023ഏപ്രിലിനും ഇടയിൽ 22.18% കൂടി.കോവിഡിനു ശേഷം ടൂറിസം മേഖലയ്ക്കുണ്ടായ വളർച്ച വ്യക്തമാക്കുന്നതാണ് യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർധന. കഴിഞ്ഞ ഏപ്രിലിൽ ഷെഡ്യൂൾ ചെയ്ത ആഭ്യന്തര വിമാനങ്ങളുടെ റദ്ദാക്കൽ നിരക്ക് 0.47% ആയി കുറയുകയും ചെയ്തു.



## പ്രവാസി പുനരധിവാസ വായ്പാ പദ്ധതി

**കോഴിക്കോട്:** സംസ്ഥാന പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപറേഷൻ നോർക്ക റൂട്സുമായി ചേർന്ന് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയായ പ്രവാസി പുനരധിവാസ വായ്പാ പദ്ധതി യ്ക്ക് കീഴിൽ വായ്പ്പ അനുവദിക്കുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലെ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട സംരംഭകത്വ ഗുണമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകർ പട്ടികവിഭാഗത്തിൽ പ്പെട്ട തൊഴിൽ രഹിതരും, 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരുമായിരിക്കണം. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പരമാവധി 20 ലക്ഷം രൂപ വരെ ഈ വായ്പ അനുവദിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപറേഷൻറെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ, വസ്തു ജാമ്യമോ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ള അപേക്ഷകർ നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ജാതി കുടുംബ വാർഷിക വരുമാനം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും നോർക്ക റൂട്ട്സിൻറെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിച്ച് അപേക്ഷകർ രാജിസ്ട്രേഷൻ നടത്തേണ്ടതിനാൽ ജില്ലാ ഓഫീസിൽ നിന്നും പിന്നീട് ആവശ്യപ്പെടുന്ന മുറയ്ക്ക് മറ്റു വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. നോർക്ക റൂട്ട്സിൻറെ പരിശോധനയ്ക്കു ശേഷമായിരിക്കും കോർപറേഷൻ തുടർന്ന് വായ്പക്കായി പരിഗണിക്കുക. താല്പര്യമുള്ളവർ വിശദ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനുമായി എരഞ്ഞിപ്പാലത്ത് പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപറേഷൻറെ കോഴിക്കോട് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.0495 2767606, 9400068511

## അക്കൗണ്ടന്റ് ഒഴിവ്

**കോഴിക്കോട്:** ജലകൃഷി വികസന ഏജൻസി യുടെ കല്ലാനോട് ഹാച്ചറിയിൽ ക്ലാർക്ക് കം അക്കൗണ്ടന്റ് തസ്തികയിൽ ദിവസവേതനത്തിൽ നിയമിക്കുന്നതിനായി മെയ് 26 ന് രാവിലെ 10 മണിക്ക് കൂടിക്കാഴ്ച നടത്തുന്നു. ബി കോം ബിരുദം, എം എസ് ഓഫീസ്, ടാലി, ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ്, മലയാളം ലോവർ എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. കൂടിക്കാഴ്ചയിൽ പങ്കെടുക്കാൻ താൽപര്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ഒറിജിനൽ സർട്ടിഫിക്കറ്റുകളും, ഓരോ പകർപ്പും സഹിതം കല്ലാനോട് ഹാച്ചറിയിൽ നേരിൽ ഹാജരാകേണ്ടതാണെന്ന് മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 04902354073

## പശു വളർത്തൽ പരിശീലനം

**കോഴിക്കോട്:** മലമ്പുഴ സർക്കാർ മൃഗ സംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പശു വളർത്തൽ എന്ന വിഷയത്തിൽ മെയ് 25ന് രാവിലെ 10 മുതൽ നാല് മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491 2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.



# കൊല്ലം റെയിൽവേ സ്റ്റേഷൻ നവീകരണം പുരോഗമിക്കുന്നു

**കൊല്ലം:** രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കൊല്ലം റെയിൽവേ സ്റ്റേഷൻ നിർമാണം അതിവേഗം പുരോഗമിക്കുന്നു. തിരക്കിന്റെ കാര്യത്തിൽ കേരളത്തിലെ രണ്ടാമത്തെയും ട്രാക്കുകളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നതുമായ സ്റ്റേഷനിൽ 361.18 കോടി രൂപയുടെ വികസന പ്രവർത്തനമാണ് നടക്കുന്നത്. 2022 ഓഗസ്റ്റ് 26ന് ആണ് കരാർ നൽകിയത്. 39 മാസമാണ് നിർമാണ കാലാവധി. നിലവിലുള്ള സ്റ്റേഷന്റെ തെക്കു വശത്തും വടക്കു വശത്തും ടെർമിനൽ, ബഹുനില വാഹന പാർക്കിങ് സമുച്ചയം, മതിയായ ലിഫ്റ്റ്, എസ്കലേറ്റർ സംവിധാനം തുടങ്ങിയ പുനർ നിർമാണത്തിന്റെ ഭാഗമായി നടക്കും.

ഗാങ് വിശ്രമ മുറിയുടെ അടിസ്ഥാന നിർമാണം, നിർമാണ മേഖല വേർതിരിച്ചു കൊണ്ടുള്ള ബാരിക്കേഡ് സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ബഹുനില കാർ പാർക്കിങ് സമുച്ചയത്തിന്റെ ടെസ്റ്റ് പൈൽസ് കാസ്റ്റിങ് നടന്നു. ഒന്നാം ഘട്ട നിർമാണത്തിനു വേണ്ടി നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റി.

റെയിൽവേ മജിസ്ട്രേട്ട് കോടതി, റെയിൽവേ തപാൽ സർവീസ്, പാഴ്സൽ ഓഫിസ്, ക്രൂ കൺട്രോൾ ഓഫിസ് തുടങ്ങി 36 ഓഫിസുകൾക്ക് താൽക്കാലിക സൗകര്യം ഒരുക്കി മാറ്റി സ്ഥാപിച്ചു. നിയമപരമായ എല്ലാ അനുമതികളും ലഭ്യമായി. ലബോറട്ടറി സൗകര്യം, സംഭരണ മേഖല എന്നിവയുടെ നിർമാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തി. ടെർമിനൽ നിർമിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനു നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കി. ടോപ്പോഗ്രഫിക്കൽ സർവേ, ഡ്രോൺ സർവേ, മണ്ണ് പരിശോധന തുടങ്ങിയ പൂർത്തിയായി.

**ശബരിമല വിമാനത്താവളം സാമൂഹികാഘാത പഠന റിപ്പോർട്ട്**

# 2,52,745 റബർ, 3752 തേക്ക്, 2944 ആഞ്ഞിലി വെട്ടിമാറ്റണം



**എരുമേലി:** നിർദിഷ്ട ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവള പ്രദേശത്തെ ജനങ്ങളുടെ ഉപജീവന സാധ്യതകൾ പുനർനിർമിക്കാൻ കൃത്യമായ കർമപദ്ധതികൾ സർക്കാർ കൈക്കൊള്ളണമെന്നു സാമൂഹികാഘാത പഠന റിപ്പോർട്ടിൽ ശുപാർശ. പ്രദേശവാസികൾക്കും ഉപജീവന മാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾക്കും താൽക്കാലിക ആശ്വാസം എന്ന നിലയിൽ വിമാനത്താവള നിർമാണ പ്രവർത്തനങ്ങളിൽ അവസരം നൽകണമെന്നും റിപ്പോർട്ടിൽ പറയുന്നു.

ഭൂമിയേറ്റെടുപ്പ് 285 വീടുകളെയും 358 ഭൂവുടമകളെയുമാണു നേരിട്ടു ബാധിക്കുക. ചെറുവള്ളി എസ്റ്റേറ്റിലെ ലയങ്ങളിൽ താമസിക്കുന്ന 221 കുടുംബങ്ങളെയും ബാധിക്കും. ഇവരുടെ ഹിയറിങ് ജൂൺ 12, 13 തീയതികളിൽ നടക്കും. എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ 1,039.8 ഹെക്ടർ സ്ഥലമാണു വിമാനത്താവളത്തിനായി ഏറ്റെടുക്കുന്നത്. 916.27 ഹെക്ടർ ചെറുവള്ളി എസ്റ്റേറ്റ് പരിധിയിലും 123.53 വിവിധ വ്യക്തികളുടെ കൈവശവുമാണ്.

ചെറുവള്ളി എസ്റ്റേറ്റിലെ 2,21,432 റബർ മരങ്ങളും 81,345 റബർ തൈകളും വെട്ടിമാറ്റേണ്ടിവരും. എസ്റ്റേറ്റിനു പുറമ്പു സ്വകാര്യ വ്യക്തികളുടെ 31,313 റബർ മരങ്ങളും വെട്ടേണ്ടിവരും. എസ്റ്റേറ്റിനുള്ളിൽ 64 ഹെക്ടർ സ്ഥലത്തെ പൈനാപ്പിൾ കൃഷിയെയും എസ്റ്റേറ്റിനു പുറത്ത് 11620 മൂട് പൈനാപ്പിളിനെയും ബാധിക്കും.

എസ്റ്റേറ്റിനുള്ളിൽ 1200 തേക്കും 200 ആഞ്ഞിലിയും എസ്റ്റേറ്റിനു പുറത്ത് 2552 തേക്കും 2744 ആഞ്ഞിലിയും വെട്ടിമാറ്റേണ്ടിവരും.

## ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** 2023 വർഷത്തെ ട്രോൾ നിരോധന കാലയളവിൽ (ജൂൺ ഒമ്പത് അർധരാത്രി മുതൽ ജൂലൈ 31അർധരാത്രി വരെ) ചോമ്പാല ഹാർബർ കേന്ദ്രീകരിച്ച് കടൽ രക്ഷാ പ്രവർത്തനത്തിനും കടൽ പട്രോളിംഗിനുമായി ഒരു ഫൈബർ വള്ളം വാടകവ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് എഡിഎഫ്ബിവൈപി 16/2023ഇ നമ്പർ ക്വട്ടേഷൻ പ്രകാരം ബേപ്പൂർ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു. വള്ളത്തിന്റെ ക്വട്ടേഷനുകൾ മെയ് 29 ന് ഉച്ചക്ക് 2.30 മണിക്ക് മുൻപായി ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ മുൻപാകെ സമർപ്പിക്കണം.

ലഭ്യമായ ക്വട്ടേഷനുകൾ അന്നേ ദിവസം വൈകീട്ട് മൂന്നിന് തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0495 2414074, 9496007052

## കൺട്രോൾ റൂം

**കോഴിക്കോട്:** കാലവർഷക്കാലത്ത് കടലിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് തുറമുഖ വകുപ്പ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോർട്ട് കൺട്രോൾ റൂം ജൂൺ ഒന്ന് മുതൽ ഓഗസ്റ്റ് 31 വരെ പ്രവർത്തിക്കുന്നതാണെന്ന് പോർട്ട് ഓഫീസർ അറിയിച്ചു. വി.എച്ച്.എഫ് ചാനൽ 16 ൽ 24 മണിക്കൂറും പോർട്ട് കൺട്രോൾ റൂമുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ നമ്പർ: 0495 2414039, 2414863 ഇമെയിൽ : portofficekkd@gmail.com. കൂടാതെ പൊന്നാനി, കോഴിക്കോട്, വടകര എന്നീ തുറമുഖങ്ങളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ ടെലിഫോണിൽ ബന്ധപ്പെടാവുന്നതാണ്. ബന്ധപ്പെടേണ്ട നമ്പറുകൾ : പൊന്നാനി തുറമുഖം : 0494 2666058 , കോഴിക്കോട് തുറമുഖം : 0495 2767709 , വടകര തുറമുഖം : 0496 2952555

## ഇന്റർവ്യൂ

**കോഴിക്കോട്:** സഹകരണ യൂണിയന്റെ നെയ്യാർഡാമിന് സമീപത്തുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജമെന്റിൽ (കിക്മ) 2023 25 എം.ബി.എ. (ഫുൾ ടൈം) ബാച്ചിലേക്ക് മേയ് 27ന് രാവിലെ 10 മണി മുതൽ ഒരു മണി വരെ ഇന്റർവ്യൂ നടത്തും. കേരള സർവകലാശാലയുടെയും, എ.ഐ.സി.ടി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ് ലോജിസ്റ്റിക്സ് സിസ്റ്റം എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശിതർക്ക് പ്രത്യേക സ്കോളർഷിപ്പും എസ് സി, എസ്.ടി/ഒ.ഇ.സി/ ഫിഷർമാൻ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്.

അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും എം.ബി.എ. എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.kicma.ac.in 8547618290/ 9288130094

# പ്രായമായവരിലെ ഹൈപ്പർടെൻഷൻ ശ്രദ്ധിക്കാം



**നിശ്ശബ്ദനായ കൊലയാളി എന്ന് വിശേഷിപ്പിക്കപ്പെടുന്ന അവസ്ഥകളിൽ പ്രധാനപ്പെട്ട ഒന്നാണ് രക്താതിമർദ്ദം അഥവാ ഹൈപ്പർ ടെൻഷൻ എന്നത്. രക്തം രക്തക്കുഴലുകളിലേയ്ക്ക് ഒഴുകുമ്പോൾ അവയുടെ ഭിത്തികളിൽ ഉണ്ടാകുന്ന അമിത മർദ്ദത്തെയാണ് ഹൈപ്പർ ടെൻഷൻ അഥവാ രക്താതിമർദ്ദം എന്ന് പറയുന്നത്.**



**ഡോ. ജാബിർ എംപി**
സീനിയർ സ്പെഷ്യലിസ്റ്റ്, ഇന്റേണൽ മെഡിസിൻ, ആസ്റ്റർ മിംസ്, കോഴിക്കോട്

വയസ്സായവർക്കെന്ത് ഹൈപ്പർ ടെൻഷൻ അത് ചെറുപ്പക്കാർക്കല്ലേ എന്ന് പറഞ്ഞ് തള്ളാൻ വരട്ടെ, ഈ കാലഘട്ടത്തിൽ ചെറുപ്പമെന്നോ പ്രായമായവർക്കെന്നോ വ്യത്യാസമില്ലാതെ ടെൻഷനും വർധിച്ചു കൊണ്ടിരിക്കുന്നു. നിശ്ശബ്ദനായ കൊലയാളി എന്ന് വിശേഷിപ്പിക്കപ്പെടുന്ന അവസ്ഥകളിൽ പ്രധാനപ്പെട്ട ഒന്നാണ് രക്താതിമർദ്ദം അഥവാ ഹൈപ്പർ ടെൻഷൻ എന്നത്.രക്തം രക്തക്കുഴലുകളിലേയ്ക്ക് ഒഴുകുമ്പോൾ അവയുടെ ഭിത്തികളിൽ ഉണ്ടാകുന്ന അമിത മർദ്ദത്തെയാണ് ഹൈപ്പർ ടെൻഷൻ അഥവാ രക്താതിമർദ്ദം എന്ന് പറയുന്നത്.പൊതുവേ തലവേദന , തലകറക്കം , മനം പൊരുട്ടൽ , ഇരുട്ടു കയറൽ, കണ്ണു മങ്ങുക എന്നിങ്ങനെ ഹൈപ്പർ ടെൻഷൻ ലക്ഷണങ്ങളായി കാണാറുണ്ട്. ചിലർക്ക് രക്തസമ്മർദ്ദം അധികം കൂടിക്കഴിഞ്ഞാൽ അത് മറ്റ് അവയവങ്ങളെയും ബാധിച്ചേക്കാം.

### സങ്കീർണതകൾ

രക്തസമ്മർദ്ദത്തിന്റെ സങ്കീർണതകൾ പൊതുവേ മൂന്ന് അവയവങ്ങളിലാണ് ബാധിക്കാറുള്ളത്. ഹൃദയം , വൃക്ക ,തലച്ചോറ് .രക്തസമ്മർദ്ദം ക്രമാതീതമായി കൂടിക്കഴിഞ്ഞാൽ തലച്ചോറിൽ രക്തം കട്ട പിടിക്കാനും ബ്ലീഡിങ് പോലുള്ള അപകടങ്ങൾ ഉണ്ടാവാനും സാധ്യതയുണ്ട് . പുതിയ പഠനങ്ങൾ പ്രകാരം ഹൈപ്പർടെൻഷൻ നിയന്ത്രണമില്ലാത്ത ആൾക്കാർക്ക് ഓർമ്മക്കുറവും, ബോധ നിലവാരത്തിലുള്ള കുറവ് വരാനുള്ള ( കോഗ്നിടിവ് ഡിക്ലൈൻ) സാധ്യതകൾ ഏറെ കാണാറുണ്ട് .നിയന്ത്രണമില്ലാത്ത രക്തസമ്മർദ്ദം കാരണം വൃക്കകളിലെ അരിപ്പകളിലേക്കുള്ള രക്തയോട്ടം കുറയുകയും വൃക്കയുടെ വലിപ്പം കുറയുകയും ,തുടർന്ന് കിഡ്നിയുടെ പ്രവർത്തനം നടക്കാതെ വരികയും ഡയാലിസിലേക്ക് വരെ പോകാൻ സാധ്യതയുണ്ട്.ഹൃദയത്തിലെ രക്തക്കുഴലുകളിൽ കൊഴുപ്പ് അടിഞ്ഞുകൂടുകയും, ബിപി കൂടുകയും ചെയ്യുമ്പോൾ ഹൃദയത്തിലേക്കുള്ള രക്തയോട്ടം കുറയുകയും ഹൃദയസ്തംഭനം, ഹാർട്ട് ഫെയിലിയർ പോലുള്ളവ ഉണ്ടാക്കാൻ ഉള്ള



സാധ്യതകളും ഏറെയാണ് . കൂടാതെ ഹാർട്ട് ഫെയിലിയർ മൂലം രക്തയോട്ടം ശരിയായ രീതിയിൽ നടക്കാതിരിക്കുന്നത് വഴി കാലുകളിൽ നീര് വെക്കുകയും ചെയ്യുന്നു.

### കാരണങ്ങൾ

രോഗത്തിന്റെ സ്വഭാവമനുസരിച്ച് രണ്ട് ഗണങ്ങളിലേക്ക് രക്താതിമർദത്തെ തരം തിരിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തേത് പ്രാഥമിക രക്താതിമർദ്ദവും രണ്ടാമത്തേത് ദ്വിതീയ രക്താതിമർദ്ദവും (സെക്കണ്ടറി ഹൈപ്പർ ടെൻഷൻ) ആണ്. പാരമ്പര്യം, ഉപ്പിന്റെ അമിത ഉപയോഗം, വ്യായാമത്തിന്റെ കുറവ്, മാനസിക സമ്മർദ്ദം തുടങ്ങിയ പൊതുവായ കാരണങ്ങൾ മൂലമോ പ്രത്യക്ഷത്തിൽ വലിയ കാരണങ്ങളൊന്നും ഇല്ലാതെയോ കാണപ്പെടുന്ന രോഗാവസ്ഥയാണ് പ്രാഥമിക രക്താതിമർദ്ദം. എന്നാൽ മറ്റേതെങ്കിലും രോഗത്തിന്റെ ഭാഗമായി പ്രത്യക്ഷപ്പെടുന്ന രക്താതിമർദ്ദത്തെ ദ്വിതീയ രക്താതിമർദ്ദം എന്ന ശ്രേണിയിൽ ഉൾപ്പെടുത്തുന്നു. തൈറോയിഡിന്റെ പ്രവർത്തന വൈകല്യങ്ങൾ, ഹൃദയസംബന്ധമായ രോഗങ്ങൾ, വൃക്ക സംബന്ധമായ രോഗങ്ങൾ, സ്റ്റിറോയിഡ് മരുന്നുകളുടെ സ്ഥിരമായ ഉപയോഗം, അഡ്രിനൈൽ ഗ്രന്ഥിയെ ബാധിക്കുന്ന ചില അസുഖങ്ങൽ, വേദന സംഹാരികളുടെ സ്ഥിരമായ ഉപയോഗം തുടങ്ങിയ നിരവധിയായ കാരണങ്ങൾ മൂലം ദ്വിതീയ രക്താതിമർദ്ദം കാണപ്പെടാം.

### രക്തസമ്മർദ്ദം എങ്ങനെ നിർണയിക്കാം

ബി പി നോക്കുന്നതിനു മുന്നേ ചായ , കാപ്പി എന്നിവ കുടിക്കാനോ, പുകവലിക്കാനോ പാടില്ല . ഒരിക്കലും ധൃതിയിൽ ഓടിയെത്തിയും ബിപി നോക്കാൻ പാടില്ല . ഒന്നിലധികം തവണ ബി പി പരിശോധന നടത്തുന്നതിലൂടെയാണ് ഡോക്ടർമാർ ഒരാളുടെ കൃത്യമായ ബി പി വാല്യൂവിൽ എത്തുന്നത്.

### ചികിത്സാരീതി

ഒന്നിലധികം തവണ പരിശോധിച്ചിട്ടും തുടർച്ചയായി ബി പി ഉയർന്നുനിൽക്കുകയാണെങ്കിൽ , ആദ്യം നോൺ ഫാർമോളജി അതായത് മരുന്നുകൾ ഒന്നുമില്ലാത്ത ട്രീറ്റ്മെൻറ് ആണ് പൊതുവേ നിർദേശിക്കുന്നത് . പക്ഷേ അമിതമായ രക്തസമ്മർദ്ദം കാണുകയാണെങ്കിൽ മരുന്നുകൾ ഉപയോഗിക്കുകയും ചെയ്യും.

ഉപ്പ് കൂടുതലുള്ള ഭക്ഷ്യവസ്തുക്കളായ പപ്പടം, അച്ചാറ്, ബേക്കറി ബിസ്കറ്റുകളും എന്നിവ ഒഴിവാക്കുക, വ്യായാമം ചെയ്യുക, അമിത ഭാരം നിയന്ത്രിക്കുക തുടങ്ങിയവയെല്ലാം ചെയ്ത ശേഷവും ബിപി കുറയുന്നില്ല എന്ന് കാണുമ്പോഴാണ് മെഡിക്കൽ ട്രീറ്റ്മെന്റിലേക്ക് പോകുന്നത്. ബിപിക്കായി നിരവധി മരുന്നുകൾ ലഭ്യമാണെങ്കിലും പ്രായമായവരിൽ മറ്റുള്ളവരെ പോലെ എല്ലാ മരുന്നുകളും ഫലപ്രദമാകണമെന്നില്ല. കാരണം അവർ മറ്റു പല മരുന്നുകൾ കഴിക്കുന്നതിനാൽ വേറെയും സങ്കീർണ്ണതകളിലേക്ക് അത് നയിച്ചേക്കാം.

രക്തസമ്മർദ്ദം പെട്ടെന്ന് കുറഞ്ഞു കഴിഞ്ഞാൽ വീഴാനുള്ള സാധ്യത പ്രായമായവരിൽ ഏറെയായതിനാൽ, വളരെ ക്രമാതീതമായ ഉയർന്ന ബിപി അല്ലെങ്കിൽ മറ്റ് അവയവങ്ങൾക്കൊന്നും കേടു പാടുകളൊന്നും ഇല്ലെങ്കിൽ ബിപി രണ്ട് മൂന്ന് ആഴ്ചയ്ക്കുള്ളിൽ പതിയെ കുറയ്ക്കുകയാണ് അഭികാമ്യം.

### ശ്രദ്ധിക്കേണ്ട വഴികൾ

ചിട്ടയായ ഭക്ഷണക്രമങ്ങൾ, ചെറിയ രീതിയിലുള്ള വ്യായാമങ്ങൾ, ചിട്ടയായ ബി പി പരിശോധന മുതലായവ വഴിയും ബിപി നിയന്ത്രിക്കാൻ സാധിക്കും. അതുപോലെതന്നെ അടുത്ത് തന്നെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ പോയി കൃത്യമായ ഇടവേളകളിൽ ബിപി പരിശോധിക്കുകയും ചെയ്യുക. ഡോക്ടർമാരും മറ്റ് ഹോസ്പിറ്റൽ സ്ഥാപനങ്ങളും നൽകുന്ന പഥ്യാഹാരപരമായ നിയന്ത്രണങ്ങൾ അടിസ്ഥാനമാക്കിയുള്ള ബോധവൽക്കരണ ക്ലാസുകളിൽ പങ്കെടുക്കുക.

കൃത്യനിഷ്ഠമായ ജീവിതശൈലിയും, ഡോക്ടർ നിർദ്ദേശിക്കുന്ന ചെക്കപ്പുകളും കൃത്യമായി ചെയ്ത് ബി പി നിയന്ത്രിക്കാൻ സാധിക്കുന്നു. ആരോഗ്യമുള്ള ശരീരത്തിന് വേണ്ടത് ആരോഗ്യമുള്ള മനസ്സാണ്. മാനസിക സമ്മർദ്ദങ്ങൾ ഒന്നുമില്ലാത്ത ആരോഗ്യകരമായ ഒരു ജീവിതമാണ് നാം നയിക്കേണ്ടത്.




# കേരളീയ സമൂഹത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ വഴികാട്ടിയായി കുടുംബശ്രീ മാറി

**കൊയിലാണ്ടി:** കേരളീയ സമൂഹത്തിൽ കാതലായ മാറ്റങ്ങളുമായി സ്ത്രീ ശാക്തീകരണത്തിന്റെ വഴികാട്ടിയായി മാറുകയാണ് കുടുംബശ്രീയെന്ന് തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ. കൊയിലാണ്ടി ഇ എം എസ് ടൗൺ ഹാളിൽ നടന്ന കുടുംബശ്രീയുടെ ജില്ലാതല കലോത്സവം അരങ്ങ് 2023 ഒരുമയുടെ പലമയുടെയും ധീരം ക്യാമ്പയിന്റെയും ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ട് കുടുംബശ്രീ പ്രസ്ഥാനം ശാസ്ത്രീയമായി നവീകരിക്കപ്പെട്ടു. പുതിയ കാലത്ത് അംഗങ്ങളുടെ മാനസികാരോഗ്യം ഉറപ്പു വരുത്തുന്നതിനും അവരുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുമായി കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് മന്ത്രി പറഞ്ഞു.

സ്വാശ്രയത്വത്തിലേക്കും അർഹമായ സാമൂഹിക പദവിയിലേക്കും സ്ത്രീകളെ കുടുംബശ്രീ കൈപിടിച്ചുയർത്തി. സ്ത്രീയുടെ ജീവിതം വീടിനുള്ളിലും പുറത്തും സുരക്ഷിതവും അന്തസുള്ളതുമാക്കി മാറ്റാൻ വിവിധ പദ്ധതികളാണ് കുടുംബശ്രീ ആവിഷ്കരിച്ചു വരുന്നത്.

സ്ത്രീകളേയും കുട്ടികളേയും ആയോധന കലകളിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുകയും ഇതിലൂടെ അതിക്രമങ്ങൾ കുറക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ധീരം പദ്ധതി ഏറെ ഗുണകരമാകുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. കൊയിലാണ്ടി നഗരസഭ ചെയർപേഴ്സൺ സുധ കിഴക്കേപ്പാട്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

കൊയിലാണ്ടി ടൗൺ ഹാളിൽ നടക്കുന്ന അരങ്ങ് 2023 ഒരുമയുടെ പലമ കുടുംബശ്രീ ജില്ലാ കലോത്സവത്തിൽ താലൂക്ക് മത്സരങ്ങളിൽ വിജയിച്ച് ഒന്നാം സ്ഥാനം നേടിയവരാണ് പങ്കെടുക്കുന്നത്. വിവിധ കുടുംബശ്രീ സി ഡി എസുകളിൽ നിന്നായി 500 ഓളം കലാകാരികൾ രണ്ട് ദിവസം നീണ്ട് നിൽക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കും.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. എം സുർജിത് കുടുംബശ്രീ പദ്ധതി വിശദീകരണം നടത്തി. പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി ബാബുരാജ്, മേലടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് ചങ്ങാടത്ത്, കൊയിലാണ്ടി നഗരസഭ വൈസ് ചെയർമാൻ അഡ്വ. കെ സത്യൻ, കൊയിലാണ്ടി നഗരസഭ പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഇ.കെ അജിത് മാസ്റ്റർ, കൊയിലാണ്ടി നഗരസഭ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഇന്ദിര ടീച്ചർ, കൊയിലാണ്ടി നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഷിജു മാസ്റ്റർ, കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ നിഷാദ് സി.സി, അഴിയൂർ സിഡിഎസ് ചെയർപേഴ്സൺ ബിന്ദു ജെയ്സൺ എന്നിവർ സംസാരിച്ചു. കുടുംബശ്രീ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ബിജേഷ് സ്വാഗതവും കൊയിലാണ്ടി നോർത്ത് സിഡിഎസ് ചെയർപേഴ്സൺ ഇന്ദുലേഖ എം.പി നന്ദിയും പറഞ്ഞു.

## ജലനേത്ര: ജലാശയങ്ങളുടെ ഡിജിറ്റൽ ഭൂപട നിർമാണവുമായി ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പ്

**തിരുവനന്തപുരം:** രാജ്യത്ത് ആദ്യമായി ജലാശയങ്ങളുടെ ഡിജിറ്റൽ ഭൂപടം തയാറാക്കി സംസ്ഥാന ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പ്. ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പ് ആരംഭിച്ച വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ, ജലനേത്രയിലൂടെയാണ് സംസ്ഥാനത്തെ ജലാശയങ്ങളുടെ ഡിജിറ്റൽ ഭൂപട നിർമ്മാണം തയാറാകുന്നത്.

കേരളത്തിലെ 590 കിലോമീറ്റർ കടൽത്തീരവും 12 നോട്ടിക്കൽ മൈൽ വരെയുള്ള ഉൾക്കടൽ, കേരളത്തിലെ നദികൾ, കായൽ, പുഴകൾ, അണക്കെട്ടുകൾ, റിസർവോയർ, പാറക്കൂട്ടങ്ങൾ, ഉൾനാടൻ ജലാശയങ്ങൾ, ചെറു അരുവികൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ഒട്ടുമിക്ക ജലാശയങ്ങളുടെയും ഡിജിറ്റൽ ഭൂപടം ആണ് ജല നേത്രയിലൂടെ തയാറായിട്ടുള്ളത്.

സംസ്ഥാന ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ജല നേത്ര വെബ് അധിഷ്ഠിത സോഫ്റ്റ്വെയറിന് നേതൃത്വം നൽകിയത് കേരള ഡിജിറ്റൽ സർവകലാശാലയാണ്. ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗം ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്റ്റാർട്ടപ്പ് മിഷൻ വഴി ഒരു കോടി രൂപ ചിലവിൽ വികസിപ്പിച്ച പദ്ധതിയാണ് ജലനേത്ര.

ഈ പദ്ധതിയിലൂടെ ജലാശയങ്ങളുടെ അടിത്തട്ടിന്റെ ഘടന, സസ്യ ജന്തുജാലങ്ങൾ, മണ്ണിന്റെ ഘടന, ആഴം, അടിയൊഴുക്ക്, വേലിയേറ്റം, വേലിയിറക്കം, ഓരോ കാലത്തും ഉണ്ടാകുന്ന തീരത്തിന്റെ മാറ്റങ്ങൾ, അപകടമേഖല, തിരയുടെ ശക്തി, തരംഗ ദൈർഘ്യം, മലിനീകരണം, തീരശോഷണം എന്നിവ സംബന്ധിച്ച വിവരങ്ങൾ, റിസർവോയറുകളിലും അണക്കെട്ടുകളിലും ഉണ്ടാകുന്ന മണ്ണടിയൽ, നാവിഗേഷന് ആവശ്യമായ സുരക്ഷാ പാതകൾ എന്നിവ മനസിലാക്കാൻ സാധിക്കും. ഫിഷറീസ്, റവന്യൂ, ജലസേചനം, തുറമുഖം, കോസ്റ്റ് ഗാർഡ്, തീരദേശ പോലീസ്, നാവികസേന, വൈദ്യുതി ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിനോദസഞ്ചാരം തുടങ്ങി 24 ഓളം വകുപ്പുകൾക്ക് ജലനേത്രയുടെ സേവനം പ്രയോജനപ്പെടുത്താനാകും.

മത്സ്യത്തൊഴിലാളികളുടെ യാനങ്ങളും ബോട്ടുകളും ട്രാക്ക് ചെയ്യാനും ദിശ കൃത്യമായി അടയാളപ്പെടുത്താനും, അപകടത്തിൽപ്പെട്ടാൽ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കാനും ഇതിലൂടെ സാധിക്കും. ഡ്രഡ്ജിങ് ആവശ്യങ്ങൾക്കും ഹാർബർ എൻജിനീയറിങ് നിർമിതിക്ക് ആവശ്യമുള്ള എസ്റ്റിമേഷൻ, കോണ്ടൂർ മാപ്പിംഗ്, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പാക്കാനും ജലനേത്ര സഹായകമാകും.വർഷത്തിൽ രണ്ട് പ്രാവശ്യം ഓരോ ചാർട്ടുകളും സർവേ നടത്തി അപ്ഡേറ്റ് ചെയ്താണ് ഏജൻസികൾക്ക് കൈമാറുക. മൊബൈൽ ആപ്പ് വഴി ബന്ധപ്പെട്ട ഏജൻസികൾക്ക് 2ഡിയായും 3ഡി ആയും ജലാശയങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാകുന്നുണ്ട്.

എക്കോ സൗണ്ടർ, കറണ്ട് മീറ്റർ, സൈഡ് സ്കാൻ സോണാർ, ഡിഫറെൻഷ്യൽ ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം, ഹൈപാക്ക് സോഫ്റ്റ്വെയർ, ക്യാമറകൾ, ഉപഗ്രഹങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് ജല നേത്രയ്ക്ക് ആവശ്യമായ ദൃശ്യങ്ങൾ പകർത്തിയത്.

# പുതിയ അധ്യയന വർഷത്തിൽ പുത്തൻ പള്ളിക്കൂടങ്ങൾ ഉദ്ഘാടനം ചെയ്തു ; തൃശൂർ ജില്ലയിൽ എട്ട് സ്കൂളുകൾ

**തൃശൂർ:**പുതിയ അധ്യയനവർഷം ആരംഭിക്കുമ്പോൾ കുട്ടികൾക്ക് സർക്കാരിന്റെ സമ്മാനമായി പുത്തൻ പള്ളിക്കൂടങ്ങൾ. സംസ്ഥാനത്ത് 97 പുതിയ സ്കൂൾ കെട്ടിടങ്ങളുടെയും മൂന്ന് ടിങ്കറിങ് ലാബുകളുടെയും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

നാടിനെ ദോഷമായി ബാധിക്കുന്ന ലഹരി മാഫിയ കുട്ടികളെ ലക്ഷ്യമിട്ടിരിക്കുന്നുണ്ടെന്നും ഈ വിഷയം ഗൗരവമായി ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. അധ്യാപകർ കുട്ടികളുടെ മാറ്റങ്ങൾ അറിയാൻ ശേഷിയുള്ളവരാകണമെന്നും നിശ്ചിത എണ്ണം കുട്ടികൾക്ക് മെന്റർ ആയി ഒരു അധ്യാപകൻ ഉണ്ടാകണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. കൗൺസിലർമാരുടെ സേവനം ഉറപ്പാക്കണം. നാടിന്റെ രക്ഷയ്ക്കായി ഭാവിതലമുറ അപകടത്തിൽ പെടാതിരിക്കാൻ ശ്രദ്ധിക്കണം. സ്കൂളുകളിലേക്ക് അനാവശ്യമായി ആളുകൾ വരേണ്ടതില്ലെന്നും സ്കൂൾ പരിസരത്ത് ലഹരി വില്പന നടക്കുന്നുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.



സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കും. പുതിയ സ്കൂൾ കെട്ടിടങ്ങൾ, ലൈബ്രറി, ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗത്തിലായി 45,000 ക്ലാസ് റൂമുകൾ സാങ്കേതികവിദ്യാസൗഹൃദം ആക്കിയിട്ടുണ്ട്. സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സൗകര്യം ഒരുക്കി കഴിഞ്ഞു. ഡിജിറ്റൽ സാങ്കേതിക വിദ്യ എല്ലാ കുട്ടികൾക്കും പ്രാപ്യമായ രീതിയിലാണ് പൊതു വിദ്യാഭ്യാസം ഒരുക്കിയിട്ടുള്ളത് എന്നും മുഖ്യമന്ത്രി പറഞ്ഞു.

നവകേരളം കർമ്മപദ്ധതി വിദ്യാകിരണം മിഷന്റെ ഭാഗമായി ഇരിങ്ങാലക്കുട ഗവ. മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ കിഫ്ബി ഫണ്ട് ഒരു കോടി രൂപ ഉപയോഗിച്ച് പണി പൂർത്തികരിച്ച ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിച്ചു. ഇരിങ്ങാലക്കുട നഗരസഭാ ചെയർപേഴ്സൺ സോണിയാ ഗിരി ശിലാഫലകം അനാച്ഛാദനം ചെയ്തു.

ചടങ്ങിൽ നഗരസഭ വൈസ് ചെയർമാൻ ടി വി ചാർളി, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ജിഷ ജോബി, അംബിക പള്ളിപ്പുറത്ത്, സി സി ഷിബിൻ, ജെയ്സൺ പാറേക്കാടൻ, എച്ച് എസ് എസ് പ്രിൻസിപ്പാൾ എം കെ മുരളി, വി എച്ച് എസ് ഇ പ്രിൻസിപ്പാൾ ആർ രാജലക്ഷ്മി, ഹൈസ്കൂൾ പ്രധാന അധ്യാപിക ടി കെ ലത, ഇരിങ്ങാലക്കുട ബി പി സി കെ ആർ സത്യപാലൻ തുടങ്ങിയവർ പങ്കെടുത്തു.

# കാർഷിക മേഖലയെ ശക്തിപ്പെടുത്തും: മന്ത്രി പി.പ്രസാദ്



**കൊച്ചി:** കർഷകരുടെ നേതൃത്വത്തിലുള്ള കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് പദ്ധതികൾ വിഭാവനം ചെയ്യണമെന്നും കൃഷിക്കൂട്ടങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകി കാർഷിക മേഖലയെ ശക്തിപ്പെടുത്തുമെന്ന് മന്ത്രി പി.പ്രസാദ് പറഞ്ഞു. അന്താരാഷ്ട്ര ചെറുധാന്യ വർഷാചരണത്തിന്റെ ഭാഗമായി കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന ചെറുധാന്യ കൃഷി വ്യാപന പദ്ധതിയായ കോട്ടുവള്ളി മില്ലറ്റ് വേൾഡ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കോതകുളം ജൈവരാജ്യം ഓർഗാനിക്ക് ഫാമിലെ ഒന്നര ഏക്കർ സ്ഥലത്ത് ചെറുധാന്യ വിത്തുകൾ വിതച്ചുകൊണ്ടാണ് ഉദ്ഘാടനം നടന്നത്.മില്ലറ്റ് ഉൽപ്പന്നങ്ങൾ കോട്ടുവള്ളിയുടെ പേരിൽ ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിക്കണമെന്നും 100 ഹെക്റ്ററിൽ ആരംഭിക്കുന്ന വിശാലമായ പദ്ധതി ഒരു മാതൃകയാണെന്നും മന്ത്രി പറഞ്ഞു.ഐക്യരാഷ്ട്രസഭ 2023 അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി മില്ലറ്റ് കൃഷി കേരളവും ഏറ്റെടുത്തു കഴിഞ്ഞു. കർഷകൻ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ നമ്മുടെ നാട്ടിൽ വിപണനം ചെയ്യുന്നതിനുള്ള അവസരങ്ങൾ ഒരുങ്ങുകയാണ്. കൂടാതെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ പേരിൽ ബ്രാന്റഡ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കണമെന്നും കൃഷിയും വ്യവസായവും സംയോജിപ്പിച്ച് കാർഷിക മുന്നേറ്റമുണ്ടാക്കണമെന്നും മന്ത്രി പറഞ്ഞു. കർഷകർക്ക് കൃഷി ചെയ്യുവാനാവശ്യമായ ചെറു ധാന്യ വിത്തുകൾ കർഷകരായ അരുൺ ജി.പണിക്കർ, കെ. ജി രാജീവ് എന്നിവർക്ക് മന്ത്രി വിതരണം ചെയ്തു. കോട്ടുവള്ളിയുടെ സ്വന്തം മാവായ പ്രിയോർ മാവിൻ തൈയ്യും, ജൈവരാജ്യം മില്ലറ്റ് പ്രോസസിംഗ് സെന്ററിൽ തയാറാക്കിയ മില്ലറ്റ് ഉൽപ്പന്നങ്ങളും മന്ത്രിക്കു നൽകി. ജൂൺ മാസത്തിൽ മില്ലറ്റ് വിഭവങ്ങൾ തയാറാക്കി നൽകുന്ന ജൈവ രാജ്യം മില്ലറ്റ് അടുക്കളയും കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ കോതകുളത്ത് പ്രവർത്തനമാരംഭിക്കും. കോട്ടുവള്ളി മില്ലറ്റ് വേൾഡ് പ്രോഗ്രാമിന്റെ ഭാഗമായി ചാമയും, മണിച്ചോളവും, ബജ്റയും, റാഗിയും വിരഗും, കമ്പും കൃഷി ചെയ്യുവാനുള്ള തയാറെടുപ്പിലാണ് കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് കൃഷി ഭവൻ. ചടങ്ങിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ് ഷാജി അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിംന സന്തോഷ് മുഖ്യാതിഥിയായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. എസ് സനീഷ് , ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിജാ വിജു, ബ്ലോക്ക് പഞ്ചായത്തംഗം കമലാ സദാനന്ദൻ , ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സെബാസ്റ്റ്യൻ തോമസ് ഗ്രാമപഞ്ചായത്തംഗം എ. കെ രാജേഷ് , സതീഷ് മണമത്ര , ലതിന സലിം , സിന്ധു നാരായണൻകുട്ടി, ആശാ സിന്ദിൽ , പ്രശാന്ത് മന്നം, ലിൻസി വിൻസെന്റ് പറവൂർ എ. ഡി. എ ശശി മേനോൻ , കൃഷി ഓഫീസർ ജെ.സരിത മോഹൻ , കൃഷി അസിസ്റ്റന്റ് എസ്. കെ ഷിനു ,എ. എ അനസ് , താജുന്നീസ , സൗമ്യ ,കാർഷിക വികസന സമിതി അംഗങ്ങളായ പി. സി ബാബു , എൻ.സോമസുന്ദരൻ , വി.ശിവശങ്കരൻ ,കെ. ജി രാജീവ് , ജമനീഷ് , ശ്രീകുമാരി , കർഷക പ്രതിനിധികളായ ജൈവരാജ്യം മനോജ് , എൽസി പ്രതീപ് മന്നം തുടങ്ങിയവർ പങ്കെടുത്തു.

# സർവ്വകലാശാലകളുടെ പുരോഗതിയിൽ അനധ്യാപകരുടെ പങ്ക് ശ്ലാഘനീയം: പ്രൊഫ. എം. വി. നാരായണൻ

**കൊച്ചി:** സർവ്വകലാശാലകളുടെ പുരോഗതിയിൽ അനധ്യാപകരുടെ പങ്ക് ശ്ലാഘനീയമാണെന്ന് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ പറഞ്ഞു. സർവ്വകലാശാലയിലെ അനധ്യാപകർക്കായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലെ ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ സംഘടിപ്പിച്ച പഞ്ചദിന പരിശീലന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അവസരങ്ങളും സാധ്യതകളും നിറഞ്ഞ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന സർവ്വകലാശാല സമൂഹത്തിന് പുതിയ ദിശാബോധം നൽകുന്നതിൽ അനധ്യാപകരുടെ പ്രവർത്തനങ്ങൾക്ക് പ്രസക്തി ഏറെയുണ്ട്. അധ്യാപകരും വിദ്യാർത്ഥികളും അനധ്യാപകരും സമൂഹവും ഒന്നുചേർന്നുള്ള പ്രവർത്തനങ്ങൾക്ക് മാത്രമേ വിജ്ഞാന വിതരണത്തിൽ വിജയിക്കുവാൻ കഴിയൂ, പ്രൊഫ. എം. വി. നാരായണൻ പറഞ്ഞു.പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ പ്രൊഫ. എം. ബി. ഗോപാലകൃഷ്ണൻ, ഫിനാൻസ് ഓഫീസർ എസ്. സുനിൽ കുമാർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ പ്രൊഫ. ടി. മിനി




എന്നിവർ പ്രസംഗിച്ചു. വിവരാവകാശ നിയമത്തെക്കുറിച്ച് എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് അഡ്വ. ഡി. ബി. ബിനു, പട്ടിക ജാതി വിദ്യാർത്ഥികളുടെ ക്ഷേമ പദ്ധതികളെക്കുറിച്ച് പട്ടിക ജാതി വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എം. ജെ. അരവിന്ദാക്ഷൻ ചെട്ടിയാർ, അസിസ്റ്റന്റ് ജില്ലാ ഓഫീസർ ഐ. ആർ. സരിൻ എന്നിവർ ക്ലാസ്സുകളെടുത്തു. കേരള സർക്കാരിന്റെ ഭാഷാ ശാസ്ത്ര വിദഗ്ധൻ ഡോ. ആർ. ശിവകുമാർ, ഡോ. പി. എം. അനിൽകുമാർ, ടി. എസ്. പ്രസാദ് എന്നിവർ വരും ദിവസങ്ങളിൽ വിവിധ സെഷനുകൾ നയിക്കും. 27ന് ശില്പശാല സമാപിക്കും.

## ഏവിയേഷൻ മേഖലയിലെ തൊഴിൽ സാധ്യതകൾ അറിയാം

**കൊച്ചി:** രാജ്യത്തെ മുൻനിര എയർപോർട്ട് ഓപ്പറേറ്റർ ആയ ജിഎംആർ എയർപോർട്ടും അസാപ് കേരളയും ചേർന്ന് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കളമശേരിയിൽ ഞായറാഴ്ച (മെയ് 28) ഏവിയേഷൻ മേഖലയിലെ തൊഴിൽ സാധ്യതകളെപ്പറ്റി ഒരു വർക്ക്ഷോപ്പ് നടത്തുന്നു. താല്പര്യമുള്ളവർ താഴെ പറഞ്ഞിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക. താഴെ കൊടുക്കുന്ന ലിങ്കിൽക്ലി ക്ക്ചെയ്ത് രജിസ്റ്റർ ചെയ്യുക. https://forms.gle/sZCvfgqVFEXreKtw8 സമയം രാവിലെ 10 വൈകിട്ട് മൂന്നു വരെ. ഫോൺ 7907842415, 8592976314.

## തൃപ്പൂണിത്തുറ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാറ്റുന്നു

**കൊച്ചി:** നിലവിൽ തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന തൃപ്പൂണിത്തുറ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ജൂൺ 12 മുതൽ തൃപ്പൂണിത്തുറ ചൂരക്കാട് ഗവ യു പി സ്കൂളിന് എതിർവശമുള്ള തൃപ്പൂണിത്തുറ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലെക്സിന്റെ രണ്ടാം നിലയിലേയ്ക്ക് മാറി പ്രവർത്തനം ആരംഭിക്കുന്നു.

## ജോലി ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഏവിയോ കം ഇലക്ട്രീഷ്യൻ ഗ്രേഡ് 2 (AVEO-CUM-ELECTRICIAN GRADE – 2 | ) തസ്തികയിൽ ഒരു താൽക്കാലിക ഒഴിവ് ഉണ്ട് . നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ജൂൺ ആറിന് മുമ്പ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം. പ്രായ പരിധി 18-41 നിയമാനുസൃത വയസ്സിളവ് അനുവദനീയം.വിദ്യാഭ്യാസ യോഗ്യത എസ്എസ്എൽസി / വിഎച്ച്എസ്ഇ /ഉചിതമായ ട്രേഡിൽ സ്പെഷ്യലൈസേഷനോടുകൂടിയ ടിഎച്ച്എസ്എൽസി ഫിലിം പ്രൊജക്ടറുകളിലും മറ്റ് ഓഡിയോ വിഷൽ എയ്ഡ്സുകളിലും രണ്ട് വർഷത്തെ പരിചയമുള്ള ഇലക്ട്രീഷ്യന്റെ ഐടിഐ / നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.

## വെബ്ബിനാർ സംഘടിപ്പിക്കുന്നു

കൊച്ചി:കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പ്, സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിൽ 'വർക്കിംഗ് ക്യാപിറ്റൽ മാനേജ്മന്റ് എന്ന വിഷയത്തിൽ വെബ്ബിനാർ സംഘടിപ്പിക്കുന്നു. 2023 മെയ് 31 നു രാവിലെ 11 മണി മുതൽ 12 മണി വരെ ഓൺലൈൻ മീറ്റിംഗ് പ്ലാറ്റ്ഫോമായ സൂം മീറ്റ് വഴിയാണ് വെബ്ബിനാർ സംഘടിപ്പിക്കുന്നത്. താല്പര്യമുള്ളവർ www.kied.info എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04842550322, 2532890 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## കളമശ്ശേരി വനിത ഐ.ടി.ഐ സൗജന്യ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നു

**കൊച്ചി:** കളമശ്ശേരി വനിത ഐ.ടി.ഐ യിൽ പിഎംകെവിവൈ 4.0 സ്കിൽ ഹബ് ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി സൗജന്യ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകളായ സെൽഫ് എംപ്ലോയിഡ് ടെയിലർ, അസോസിയേറ്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവയുടെ രജിസ്ട്രേഷൻ തുടരുന്നു. താത്പര്യമുള്ള അപേക്ഷാർത്ഥികൾ ഉടൻ രജിസ്റ്റർ ചെയ്യണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 10. വിശദവിവരങ്ങൾക്ക് ഫോൺ 0484 2544750, 9946338746

## സിവിൽ സ്റ്റേഷനിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആരംഭിച്ചു



**കൊച്ചി:** സിവിൽ സ്റ്റേഷനിൽ നിർമ്മാണം പൂർത്തിയാക്കിയ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം സി എഫ്) സംവിധാനത്തിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു. സിവിൽ സ്റ്റേഷനിലെ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുക, പരിസരം പൂർണമായും മാലിന്യമുക്തമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് എം സി എഫ് പ്രവർത്തനം ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി എം ഷെഫീക്ക്, നവകേരളം മിഷൻ ജില്ലാ കോഓഡിനേറ്റർ എസ് രഞ്ജിനി, ക്ലീൻ കേരള കമ്പനി റിസോഴ്സ് റിസോഴ്സ് പേഴ്സൺ ഡി പി ശശിധരൻ, അസിസ്റ്റന്റ് മാനേജർ പ്രോജക്ട് എൽ കെ ശ്രീജിത്ത്, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ പി വി ഗ്രീഷ്മ, കേരള ഖര മാലിന്യ പരിപാലന പദ്ധതി സോഷ്യൽ വർക്കർ എസ് വിനു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു

**കൊച്ചി:** ജില്ലയിൽ നാവികസേനയിൽ നിന്നും വിരമിച്ച സൈനികർക്കും സൈനികരുടെ വിധവകൾക്കും കൊച്ചി ദക്ഷിണ നാവിക കമാൻഡിന്റെയും ജില്ലാ സൈനികക്ഷേമ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ/സമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നു.വിവിധ പദ്ധതികളെ കുറിച്ച് അറിയുന്നതിനും പെൻഷൻ സംബന്ധമായ സംശയ നിവാരണത്തിനുമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. കാക്കനാട് സൈനിക റെസ്റ്റ് ഹൗസിൽ ജൂൺ 2ന് രാവിലെ 11നാണ് പരിപാടി. കൂടുതൽ വിവരങ്ങൾക്ക്: 04842422239

## കരുതലും കൈത്താങ്ങും: മൂവാറ്റുപുഴ താലൂക്ക് അദാലത്ത് ഇന്ന്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മൂന്നാം നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി നടത്തുന്ന 'കരുതലും കൈത്താങ്ങും' മൂവാറ്റുപുഴ താലൂക്കുതല അദാലത്ത് ഇന്ന് നടക്കും. മൂവാറ്റുപുഴ മുനിസിപ്പൽ ടൗൺഹാളിൽ നടക്കുന്ന അദാലത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് എന്നിവർ നേതൃത്വം നൽകും.താലൂക്കിലെ വിവിധ വകുപ്പുകളിലായി ലഭിച്ച അപേക്ഷകളിൽ നിന്ന് സൂക്ഷ്മ പരിശോധനക്കുശേഷം തിരഞ്ഞെടുത്ത അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്. രാവിലെ 10 നു തുടങ്ങുന്ന അദാലത്തിൽ ആളുകൾ എത്തിച്ചേരുന്നതിനനുസരിച്ചു ടോക്കൺ നമ്പറിന്റെ അടിസ്ഥാനത്തിലാണ് പരാതികൾ പരിഗണിക്കുന്നത്. അദാലത്ത് ദിവസം നേരിട്ടെത്തിയും പരാതികൾ സമർപ്പിക്കാം. മൂവാറ്റുപുഴ താലൂക്ക് അദാലത്തിനു ശേഷം ജില്ലയിലെ അവസാന അദാലത്ത് മെയ് 26ന് കോതമംഗലം താലൂക്കിലെ മാർത്തോമ ചെറിയ പള്ളി കൺവെൻഷൻ സെന്ററിലാണ് നടക്കുന്നത്.

## സർവ്വീസ് ദാതാവിനെ നിയമിക്കുന്നു

**കൊച്ചി:** ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്ന കൊക്കോ റീട്ടെയിൽ ഔട്ട്ലെറ്റിൽ സർവ്വീസ് ദാതാവിനെ നിയമിക്കുന്നു. ഏറണാകുളം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജെസിഒ റാങ്കിൽ കുറയാത്തതും 60 വയസ്സിൽ താഴെയുമുള്ള താല്പര്യമുള്ള വിമുക്തഭടന്മാർ ജൂൺ 5ന് മുൻപ് എറണാകുളം ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടുക.കൂടുതൽ വിവരങ്ങൾക്ക് www.bharatpteroleum.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

## 58 വയസ്സുകാരിയുടെ കണ്ണിൽ നിന്ന് പുറത്തെടുത്തത് 11 സെന്റിമീറ്റർ നീളമുള്ള വിര

**തിരുവനന്തപുരം:** 58 വയസ്സുകാരിയുടെ കണ്ണിൽ നിന്ന് 11 സെന്റീമീറ്റർ നീളമുള്ള വിരയെ കണ്ടെത്തി പുറത്തെടുത്തു. തിരുവനന്തപുരം കിംസ്ഹെൽത്തിലെ വിദഗ്ദ്ധ സംഘമാണ് രണ്ട് മണിക്കൂർ നീണ്ട് നിന്ന സങ്കീർണ്ണ എൻഡോസ്കോപ്പിക് പ്രൊസീജിയറിലൂടെ കണ്ണുകളെ ചലിപ്പിക്കുന്ന പേശികളിൽ നിന്ന് വിരയെ പുറത്തെടുത്തത്. രണ്ട് ദിവസമായി രോഗിയുടെ വലതു കണ്ണിൽ വേദന നിറഞ്ഞ വീക്കവും ചുവപ്പും അനുഭവപ്പെട്ടതിനെത്തുടർന്നാണ് കിംസ്ഹെൽത്തിലെ ഇഎൻടി വിഭാഗത്തിലെത്തുന്നത്. സിടി സ്കാനിൽ സൈനസ്സിലും കണ്ണിനു ചുറ്റും പഴുപ്പ് കെട്ടി കിടക്കുന്നതായി കണ്ടു (ഓർബിറ്റൽ സെല്ലുലൈറ്റിസ് വിത്ത് അബ്സസ്സ്)). കണ്ണിന്റെ കൃഷ്ണമണിക്കും ചുറ്റുമുള്ള പാളികളിലും വീക്കം സംഭവിക്കുന്ന രോഗാവസ്ഥയാണ് ഓർബിറ്റൽ സെല്ലുലൈറ്റിസ്. രോഗിയിൽ നടത്തിയ അൾട്രാ സൗണ്ട് സ്കാനിലാണ് കണ്ണിനുള്ളിൽ ജീവനുള്ള വിരയുടെ സാന്നിധ്യം കണ്ടെത്തിയത്. മൈക്രോസ്കോപ്പിക് പരിശോധനയിൽ 'ഡയറോഫിലാരിയ' എന്ന പേരിലറിയപ്പെടുന്ന നീളൻ വിരയാണെന്ന് സ്ഥിരീകരിച്ചു. തുടർന്ന് ഇഎൻടി വിഭാഗം കൺസൾട്ടൻറ് ഡോ. വിനോദ് ഫെലിക്സിന്റെ നേതൃത്വത്തിൽ എൻഡോസ്കോപ്പിക് സൈനസ് സർജറിക്ക് പുറമെ ഓർബിറ്റൽ അബ്സസ്സ് ഡ്രെയിനേജ് പ്രൊസീജിയറിലൂടെയുമാണ് വിരയെ പുറത്തെടുത്തത്.സാധാരണയായി പൂച്ചകളിലും നായകളിലും മറ്റ് വളർത്തുമൃഗങ്ങളിലും കണ്ടു വരുന്ന 'ഡയറോഫിലാരിയ', കൊതുകുകളിലൂടെയാണ് മനുഷ്യ ശരീരത്തിലെത്തുന്നത്. മനുഷ്യ ശരീരത്തിൽ എത്തിയാൽ നശിക്കുന്ന ഇവ, അപൂർവ്വം ചിലരിൽ നശിക്കാതെ ത്വക്കിനടിയിൽ, പ്രത്യേകിച്ച് കണ്ണുകൾക്ക് ചുറ്റുമായി വളരുന്നു. ഇന്ത്യയിൽ വളരെ ചുരുക്കം കേസുകൾ മാത്രമേ ഇത്തരത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ഈ വിരയാണ് കണ്ണിലും സൈനസ്സിലും പഴുപ്പ് നിറയാൻ കാരണമായതെന്നും അത് നീക്കം ചെയ്തതിലൂടെ മറ്റ് മരുന്നുകളൊന്നും ഇല്ലാതെ തന്നെ രോഗം ഭേദമാക്കാൻ സാധിച്ചെന്നും ഡോ. വിനോദ് ഫെലിക്സ് പറഞ്ഞു. ഇഎൻടി വിഭാഗം സീനിയർ റെസിഡന്റ് ഡോ. ലക്ഷ്മി എ, അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ. ശാലിനി എന്നിവർ ശസ്ത്രക്രിയയുടെ ഭാഗമായി.

## ഡെങ്കിപ്പനി വ്യാപിക്കാതിരിക്കാൻ ജാഗ്രത പാലിക്കണം: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇടവിട്ട് മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനിയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി വ്യാപിക്കാതിരിക്കാൻ എല്ലാവരും മുൻകരുതലുകളെടുക്കണം. എറണാകുളം, തിരുവനന്തപുരം ഉൾപ്പെടെയുള്ള ജില്ലകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വളരെ നേരത്തെ തന്നെ യോഗം ചേർന്നിരുന്നു. ഇതുകൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളും ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരമുള്ള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. കൊതുക് നശീകരണ പ്രവർത്തനങ്ങൾക്കും ഉറവിട നശീകരണ പ്രവർത്തനങ്ങൾക്കും പ്രധാന്യം നൽകണം. അവബോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മന്ത്രി നിർദേശം നൽകി.വീടിന്റെ പുറത്തും അകത്തും ചെറുതും വലുതുമായ ഇടങ്ങളിൽ വെള്ളം കെട്ടി നിൽക്കാതെ നോക്കണം. വീടിന്റെ ചുറ്റുപാട്, ടെറസ് എന്നിവിടങ്ങളിലും വെള്ളം കെട്ടിനിൽക്കാതെ നോക്കണം. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക്, ചിരട്ട മുതലായവയിൽ വെള്ളം കെട്ടിനിന്ന് കൊതുക് വളരാം. വീട്ടിനകത്തെ ചെടികൾ വയ്ക്കുന്ന ട്രേ കൊതുകിന്റെ ഉറവിടമാകാറായി കാണുന്നുണ്ട്. അതിനാൽ ചെടിച്ചട്ടികളുടെയും ഫ്രിഡ്ജിലേയും ട്രേയിലെ വെള്ളം ആഴ്ച തോറും മാറ്റണം.അടഞ്ഞുകിടക്കുന്ന വീടുകൾ, സ്ഥാപനങ്ങൾ, ഉപയോഗശൂന്യമായ ടയറുകൾ, ബ്ലോക്കായ ഓടകൾ, വീടിനകത്തെ ചെടികൾ, വെള്ളത്തിന്റെ ടാങ്കുകൾ, ഹാർഡ് വെയർ കടകളിലേയും, അടഞ്ഞ് കിടക്കുന്ന വീടുകളിലേയും ക്ലോസറ്റുകൾ, പഴയ വാഹനങ്ങൾ എന്നിവയും ശ്രദ്ധിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ കൂത്താടി പ്രജനനം നടക്കുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കണം. സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ എന്നിവ കൃത്യമായി ശുചീകരിക്കണം. അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.പനി ബാധിച്ചാൽ സ്വയം ചികിത്സ പാടില്ല. നീണ്ടുനിൽക്കുന്ന പനി ശ്രദ്ധിക്കണം. പനി ബാധിച്ച് സങ്കീർണമാകുമ്പോഴാണ് പലരും ആശുപത്രിയിലെത്തുന്നത്. ഇത് രോഗം ഗുരുതരമാക്കും. അതിനാൽ പനി ബാധിച്ചാൽ മറ്റ് പകർച്ചപ്പനികളല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും മന്ത്രി നിർദ്ദേശിച്ചു

## യു.പി.എസ്.സി പരീക്ഷ മെയ് 28ന്: 24,000 പേർ പരീക്ഷ എഴുതും

**തിരുവനന്തപുരം:** വിവിധ അഖിലേന്ത്യാ സർക്കാർ സർവീസുകളിലേക്ക് തിരഞ്ഞെടുക്കുന്നതിന് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന 2023 സിവിൽ സർവീസ് പരീക്ഷയുടെ ആദ്യഘട്ടം മെയ് 28ന് നടക്കും. 9.30 മുതൽ 11.30 വരെയും 2.30 മുതൽ 4.30 വരെയുമുള്ള രണ്ടു സെഷനുകളായാണ് ഒന്നാംഘട്ട പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്. കേരളത്തിലെ പരീക്ഷാർഥികൾക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് സെന്ററുകൾ. കേരളത്തിൽ 79 കേന്ദ്രങ്ങളിൽ 24,000 പേരാണ് പരീക്ഷ എഴുതുന്നത്. പരീക്ഷാ നടത്തിപ്പിനായി വിപുലമായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.പരീക്ഷാ സമയത്തിന് 10 മിനിട്ട് മുമ്പ് ഹാളിൽ പ്രവേശിക്കണം. ഉച്ചയ്ക്കുമുമ്പുള്ള സെഷനിൽ 9.20നും ഉച്ചയ്ക്ക് ശേഷമുള്ള പരീക്ഷയ്ക്കായി 2.20നു മുമ്പും പരീക്ഷാ ഹാളിൽ എത്തണം. ഹാൾടിക്കറ്റിൽ യു.പി.എസ്.സി അനുവദിച്ചിരിക്കുന്ന പരീക്ഷാകേന്ദ്രങ്ങളിൽ മാത്രമെ പരീക്ഷ എഴുതാൻ അനുവദിക്കൂ. ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റിനൊപ്പം അപേക്ഷ സമർപ്പിക്കുമ്പോൾ നൽകിയ ഫോട്ടോ ഐഡന്റിറ്റി കാർഡും കൈയ്യിൽ കരുതണം. ആവശ്യപ്പെടുമ്പോൾ ഇത് ഇൻവിജിലേറ്ററെ കാണിക്കണം. പരീക്ഷയ്ക്ക് എത്തുന്നവർ കൃത്യമായ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണം. കറുത്ത ബാൾപോയിന്റ് പേന കൊണ്ടാണ് ഉത്തരസൂചിക പൂരിപ്പിക്കേണ്ടത്. ബാഗുകൾ, മൊബൈൽ ഫോണുകൾ, ക്യാമറകൾ, ഇലക്ട്രോണിക് വാച്ചുകൾ മറ്റ് ഏതെങ്കിലും തരത്തിലുള്ള ഇലക്ട്രോണിക്, ഐടി ഉപകരണങ്ങൾ പരീക്ഷാഹാളിൽ അനുവദിക്കില്ല. പരീക്ഷാസമയം തീരുന്നതുവരെ ആരെയും പുറത്തു പോകുവാൻ അനുവദിക്കില്ല. ഉദ്യോഗാർഥികളുടെ ബയോമെട്രിക് വിവരങ്ങൾ പരീക്ഷാകേന്ദ്രത്തിൽ ശേഖരിക്കേണ്ടതിനാൽ നേരത്തെതന്നെ പരീക്ഷാകേന്ദ്രത്തിൽ എത്തണം.

# 17 പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് ബാസ്കിൻ റോബിൻസ്

**കൊച്ചി:** ലോകത്തെ ഏറ്റവും വലിയ ഐസ്ക്രീം ചെയിനുകളിലൊന്നായ ബാസ്കിൻ റോബിൻസ് പുതിയതായി 17 ഉൽപ്പന്നങ്ങൾ വിപണിയിലവതരിപ്പിച്ചു. ഉപഭോക്താക്കളുടെ താൽപര്യവും ഡിമാൻഡും പരിഗണിച്ച് പുതിയ ആളുകളിലേക്ക് എത്തുന്നതിനായി ബാസ്കിൻ റോബിൻസ് പുതിയ കൂട്ടുകളിലും രുചികളിലും ഉൽപ്പന്ന ശ്രേണി വിപുലമാക്കുകയാണ്. ഈ 17 പുതിയ ഉൽപ്പന്നങ്ങൾ രുചികളിൽ മാത്രമല്ല കൂട്ടുകളിലും വ്യത്യസ്തതമാണെന്ന് ഗ്രാവിസ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ ബാസ്കിൻ റോബിൻസിന്റെ സിഇഒ മോഹിത് ഖട്ടാർ പറഞ്ഞു.പുതിയ ശ്രേണിയുടെ ഭാഗമായി അവതരിപ്പിക്കുന്ന ഐസ്ക്രീം റോക്ക്സ് കടിച്ചു തിന്നുന്ന തരത്തിലുള്ളതാണ്. ചോക്ക്ലേറ്റ് കോട്ടിങ്ങുമുണ്ടാകും. രണ്ട് രുചികളിൽ ലഭ്യമാണ്. ഇതിനു മുമ്പൊന്നും കണ്ടിട്ടില്ലാത്ത ഒന്നാണ് പിസയോടൊപ്പം ഐസ്ക്രീം ചേർത്ത ഐസ്ക്രീം പിസകൾ. മെർമെയ്ഡ്, യൂണികോൺ സൺഡേസ് പോലുള്ള ഫ്രൂട്ട് ക്രീം സൺഡേസ്, ഫെയറി ടെയിൽ സൺഡേസ് ഉൾപ്പെട്ട ഉണർവ്വ് നൽകുന്ന ഐസ്ക്രീം ഫ്ളോട്ടുകളുമുണ്ട്. കാരമൽ മിൽക്ക് കേക്ക്, ബ്ലൂബെറി, വൈറ്റ് ചോക്കലേറ്റ്, ഫ്രൂട്ട് നിഞ്ച തുടങ്ങിയവയും പുതിയ രുചികളിലുണ്ട്. ബ്രൗണി സണ്ടേ കപ്പ്, ഇറ്റാലിയൻ കുക്കീസോടു കൂടിയ ഫൺവിച്ച് സാൻഡ്വിച്ച്, ഐസ്ക്രീം റോക്സ് തുടങ്ങിയ പുതിയ രുചികളോടെ ബ്രാൻഡ് റീട്ടെയിൽ വിപണിയിലും മികച്ച വളർച്ച ക്ഷ്യമിടുകയാണ്.ബാസ്കിൻ റോബിൻസിന് കൊച്ചിയിൽ 7 പാർലറുകളുണ്ട്. കേരളത്തിലെമ്പാടുമായി 28 പാർലറുകളും രാജ്യമൊട്ടാകെയായി 850 കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. കൊച്ചിയിൽ ഓരോ വർഷവും 2 പാർലറുകൾ വീതവും ദേശീയ തലത്തിൽ 100 പാർലറുകളും കൂട്ടിച്ചേർക്കുകയാണ് ലക്ഷ്യം. സൂപ്പർമാർക്കറ്റ് ചെയിനുകൾ, ആധുനിക വ്യാപാര സ്റ്റോറുകൾ, ഹോട്ടലുകൾ റസ്റ്റോറൻറുകൾ, കാറ്ററിങ് തുടങ്ങിയ ഭക്ഷ്യ സേവന ദാതാക്കളിലൂടെയും ബ്രാൻഡ് റീട്ടെയിൽ രംഗത്തുണ്ട്.ഓൺലൈനിലൂടെയും ബ്രാൻഡ് സുസ്ഥിരമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നിലൊരു ഭാഗം വിൽപ്പനയും ഇപ്പോൾ ഓൺലൈനിലൂടെയാണ്. സ്വിഗ്ഗി, സൊമാറ്റോ, ഇൻസ്റ്റാമാർട്ട്, ബിഗ് ബാസ്ക്കറ്റ്, സെപ്റ്റോ തുടങ്ങിയ ഡെലിവറി പ്ലാറ്റ്ഫോമുകളിലെല്ലാം ലഭ്യമാണ്.ഐസ്ക്രീമുകളിൽ കൊണ്ടുവരുന്ന മാറ്റങ്ങളാണ് തങ്ങളുടെ വളർച്ചയുടെ പ്രധാന കാരണമെന്നും ഏറ്റും മികച്ച ഉത്പന്നം മികച്ച നിലവാരത്തിലും വകഭേദങ്ങളിലും ഉപഭോക്താക്കൾ ഇതുവരെ ഇന്ത്യയിൽ കണ്ടിട്ടില്ലാത്ത തരത്തിൽ എത്തിക്കുന്നുണ്ടന്നും മോഹിത് ഖട്ടാർ പറഞ്ഞു. വേനൽ കാല കളക്ഷൻ അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും രാജ്യത്തുടനീളമുള്ള ഉപഭോക്താക്കൾ പുതിയ ഉൽപ്പന്നങ്ങൾ ആസ്വദിക്കുമെന്നും അദ്ദേഹം പറഞ്ഞു.പ്രാലൈൻസ് ആൻറ് ക്രീം വാനില, കോട്ടൺ കാൻഡി എന്നീ രുചികൾക്ക് കൊച്ചി നഗരത്തിൽ വളരെ പ്രചാരമുണ്ട്. ബാസ്കിൻ റോബിൻസിന്റെ മാത്രം സ്വന്തമായ ഫ്ളേവറുകളായ കോട്ടൺ കാൻഡി, ഹണി നട്ട് ക്രഞ്ച്, വാനില, ഫ്രൂട്ട് ഫ്ളേവറുകളായ അൽഫോൻസോ മാംഗോ, ബ്ലാക്ക് കറൻറ് എന്നിവയ്ക്കും ആരാധകരേറെയുണ്ട്. സണ്ടേസ്, ഐസ്ക്രീം കേക്കുകളിൽ ഡിമാൻഡ് ഏറുന്നു.പുതിയ രുചി വകഭേദങ്ങൾ ബാസ്കിൻ റോബിൻസിന് മികച്ച വളർച്ച സാധ്യതമാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.




# ദിലീപും സുരാജ് വെഞ്ഞാറമൂടും ഒരുമിക്കുന്ന പുതിയ ചിത്രം : സംവിധാനം നിസ്സാം ബഷീർ



**കൊച്ചി:** മമ്മൂട്ടി നായകനായെത്തിയ സൂപ്പർ ഹിറ്റ് ചിത്രം റോഷാക്കിനു ശേഷം നിസ്സാം ബഷീർ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിൽ ദിലീപും സുരാജ് വെഞ്ഞാറമൂടും ഒരുമിക്കുന്നു. റോഷാക്കിന്റെ രചന നിർവഹിച്ച സമീർ അബ്ദുൾ തന്നെയാണ് ഈ ചിത്രത്തിന്റെയും കഥ ഒരുക്കുന്നത്.ബാദുഷാ സിനിമാസ്, ആന്റോ ജോസഫ് ഫിലിം കമ്പനി, ഗ്രാൻഡ് പ്രൊഡക്ഷൻസ്, വണ്ടർവാൾ സിനിമാസ് എന്നിവർ സംയുക്തമായി നിർമ്മിക്കുന്ന ചിത്രത്തിന്റെ മറ്റു വിവരങ്ങൾ വരും ദിവസങ്ങളിൽ അറിയിക്കുമെന്ന് അണിയറപ്രവർത്തകർ അറിയിച്ചു. പി ആർ ഓ പ്രതീഷ് ശേഖർ.

# ആംവേ ഇന്ത്യ പുതിയ ആർടിസ്ട്രറി ശ്രേണി പുറത്തിറക്കി



**കൊച്ചി:** ചർമ്മസംരക്ഷണത്തിനായി പ്രത്യേക ശ്രേണി പുറത്തിറക്കി ആംവേ ഇന്ത്യ. ചർമ്മത്തെ സന്തുലിതമാക്കുന്നതിനും ജലാംശം നിലനിർത്തുന്നതിനുമുള്ള ഘടകങ്ങൾ അടങ്ങിയതാണ് പുതിയ ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ ശ്രേണിയെന്ന് ആംവേ ഇന്ത്യയുടെ സിഎംഒ അജയ് ഖന്ന പറഞ്ഞു.ചർമത്തിന്റെ സ്വാഭാവിക പ്രതിരോധം വർധിപ്പിച്ച് സ്ന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് ആന്റി ഏജിങിന് സഹായിക്കുന്ന ഘടകങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. 1700 രൂപ മുതൽ 3300 രൂപ വരെ വില വരുന്ന ആർട്ടിസ്ട്രി സ്കിൻ ന്യൂട്രീഷൻ ഉൽപ്പന്നങ്ങൾ ഇന്ത്യയിലുടനീളമുള്ള ആംവേ ഡയറക്ട് സെല്ലിംഗ് പാർട്ണേഴ്സ് സ്റ്റോറുകൾ വഴി ലഭ്യമാണ്.എല്ലാ പ്രായക്കാർക്കും ലിംഗഭേദങ്ങൾക്കുമുള്ള വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയ ഹൈഡ്രേറ്റിംഗും ബാലൻസിങ് ശ്രേണികളും ചേർത്ത് ഞങ്ങളുടെ നിലവിലുള്ള ആന്റിഏജിംഗ് ശ്രേണിയെ പൂർണതയിലേക്ക് എത്തിക്കുമെന്നും അജയ് ഖന്ന പറഞ്ഞു.

# ഇന്ത്യയിലെ ഏഴു ട്രസ്റ്റുകൾക്ക് റിലയൻസ് ഫൗണ്ടേഷന്റെ ഗ്രാന്റ്




**കൊച്ചി/മുംബൈ :** റിലയൻസ് ഫൗണ്ടേഷനും യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റും (യുഎസ്എഐഡി) വുമൺകണക്ട് ചലഞ്ച് ഇന്ത്യയുടെ രണ്ടാം റൗണ്ട് ഗ്രാന്റ് വിജയികളെ പ്രഖ്യാപിച്ചു. ഇന്ത്യയിലെ ലിംഗപരമായ ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കാനും ആഗോള സമ്പദ്വ്യവസ്ഥയിൽ സ്ത്രീകളെ പൂർണ്ണമായി പങ്കാളികളാക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് വുമൺകണക്ട് ചലഞ്ച് ഇന്ത്യയെന്ന് യുഎസ്എഐഡി ഇന്ത്യ മിഷൻ ഡയറക്ടർ വീണാ റെഡ്ഡി പറഞ്ഞു.സ്ത്രീകൾക്ക് സാങ്കേതികവിദ്യയിലേക്കുള്ള പ്രവേശനം പരിമിതപ്പെടുത്തുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായി റിലയൻസ് ഫൗണ്ടേഷന്റെ ഗ്രാന്റായി ഒരു കോടി രൂപ വീതം വിവിധ ട്രസ്റ്റുകൾക്ക് പദ്ധതിയിലൂടെ നൽകുന്നു. തമിഴ്നാട് കേന്ദ്രീകൃതമായ എം എസ് സ്വാമിനാഥൻ ട്രസ്റ്റ് ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽനിന്നായി ഏഴു ട്രസ്റ്റുകൾക്കാണ് ഒരു കോടി വീതം ഗ്രാന്റ് ലഭിച്ചത്. 260ലധികം അപേക്ഷകരിൽനിന്നാണ് ഏഴ് സാമൂഹിക മേഖലാ സംഘടനകളെ തെരഞ്ഞെടുത്തത്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഗവൺമെന്റ് റിലയൻസ് ഫൗണ്ടേഷനുമായി സഹകരിച്ച് ഇന്ത്യയിലുടനീളമുള്ള വനിതാ സംരംഭകർ, കർഷകർ, സ്ത്രീകൾ നയിക്കുന്ന മൈക്രോ എന്റർപ്രൈസസ്, കൂട്ടായ്മകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവരെ സഹായിക്കാനും പിന്തുണയ്ക്കാനും ലക്ഷ്യമിടുന്നു. 'ആക്സിലറേറ്റിംഗ് ഡിജിറ്റൽ ഇൻക്ലൂഷൻ: ബ്രിഡ്ജിംഗ് ദി ജെൻഡർ ഡിജിറ്റൽ ഡിവൈഡ് ഇൻ ഇന്ത്യ' എന്ന പരിപാടിയിലാണ് ബുധനാഴ്ച വിജയികളെ പ്രഖ്യാപിച്ചത്.പരസ്പരബന്ധിതമായ ലോകത്തിന്റെ പ്രാധാന്യം യുണൈറ്റഡ് സ്റ്റേറ്റ്സ് തിരിച്ചറിയുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യ സമഗ്രമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും, പ്രതിരോധശേഷിയുള്ളതും ജനാധിപത്യ സമൂഹങ്ങളെ വളർത്തുകയും, ഏറ്റവും ദുർബലരായവരെ ഉൾപ്പെടെ എല്ലാവരെയും ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു ഭാവിയിലേക്കാണ് യുഎസ്എഐഡി പ്രവർത്തിക്കുന്നതെന്നും വീണാ റെഡ്ഡി പറഞ്ഞു. 'വുമൺകണക്ട് ചലഞ്ച് ഇന്ത്യയുടെ ഒന്നാം റൗണ്ടിന്റെ വിജയത്തിൽ കൂടുതൽ വിപുലീകരണത്തിനുള്ള ലക്ഷ്യത്തിലാണ് യുഎസ്എഐഡി. ഡിജിറ്റൽ ടൂളുകൾ, പ്രത്യേക പരിശീലനം, ബിസിനസ് അവസരങ്ങൾ എന്നിവ എല്ലാവര്ക്കും ലഭ്യമാകുന്ന രീതിയിൽ വിപുലീകരിച്ച് ഡിജിറ്റൽ വിടവ് നികത്തുന്നതിനുള്ള രണ്ടാം ഘട്ട പദ്ധതികൾ വിപുലീകരിക്കുമെന്നും വീണാ റെഡ്ഡി കൂട്ടിച്ചേർത്തു. രണ്ടാം റൗണ്ട് വുമൺകണക്ട് ചലഞ്ച് ഇന്ത്യയിലൂടെ, 350,000 സ്ത്രീകൾക്ക് പിന്തുണ നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.

# ഐ.പി.എൽ: ചെന്നൈ–ഗുജറാത്ത് മത്സരത്തിന് ജിയോസിനിമയിലെ വ്യൂവർഷിപ്പ് 2.5 കോടി

**കൊച്ചി:** ചൊവ്വാഴ്ച നടന്ന ചെന്നൈ സൂപ്പർ കിംഗ്സ്ഗുജറാത്ത് ടൈറ്റൻസ് മത്സരത്തിൽ കാഴ്ചക്കാരുടെ എണ്ണത്തിൽ പുതിയ റെക്കോർഡിട്ട് ജിയോസിനിമ. മത്സരത്തിന്റെ രണ്ടാം ഇന്നിംഗ്സിലെ അവസാന ഓവറുകളിൽ ജിയോസിനിമയിലെ കാഴ്ചക്കാരുടെ എണ്ണം 2.5 കോടിയിലെത്തി. ഏപ്രിൽ 17ന് നടന്ന ചെന്നൈ ബാംഗ്ലൂർ മത്സരത്തിൽ രജിസ്റ്റർ ചെയ്ത 2.4 കോടിയാണ് ജിയോസിനിമയിലെ മുൻ വ്യൂവർഷിപ്പ് റെക്കോർഡ്.ജിയോസിനിമയിൽ സൗജന്യമായാണ് ഐ പി എൽ സ്ട്രീം ചെയ്യുന്നത് . പ്ലാറ്റ്ഫോമിലെ മൊത്തം വീഡിയോ കാഴ്ചകൾ ഇതിനകം 1300 കോടി കടന്ന് ലോക റെക്കോർഡ് സൃഷ്ടിച്ചു. ഓരോ കാഴ്ചക്കാരനും ഓരോ മത്സരത്തിലും ചെലവിടുന്ന ശരാശരി സ്ട്രീമിംഗ് സമയം 60 മിനിറ്റാണ്.സ്പോൺസർഷിപ്പുകളുടെയും പരസ്യദാതാക്കളുടെയും എണ്ണത്തിലും , ജിയോസിനിമ റെക്കോർഡ് രേഖപ്പെടുത്തിയിട്ടുണ്ട്.

# കരവിരുതും കലാചാരുതയും സംരംഭങ്ങളാക്കാൻ തയ്യാറെടുത്ത് 20 വീട്ടമ്മാർ



**കൊച്ചി:** കരവിരുതും കലാചാരുതയും സമം ചേർത്ത രുചിവൈവിധ്യമാർന്ന ബേക്കറി ഉൽപ്പന്നങ്ങളുമായി 20 വീട്ടമ്മാർ സ്വന്തം സംരംഭങ്ങളുമായി ജീവിതത്തിൽ പുതിയൊരധ്യായം തുടങ്ങുന്നു. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ കളമശ്ശേരി അസാപ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ ആർട്ടിസനൽ ബേക്കറി പരിശീലനം പൂർത്തിയാക്കിയ ഈ വനിതാ സംരംഭകർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും വീട്ടമ്മമാർ ഒരുക്കിയ ഭക്ഷണ വിഭവങ്ങളുടെ പ്രദർശനം കഴിഞ്ഞ ദിവസം കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നടന്നു. ഇവർക്ക് പുതിയ സംരംഭം തുടങ്ങുന്നതിനുള്ള മാർഗനിർദേശങ്ങളും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രം നൽകും.സംസ്ഥാന സർക്കാരിന്റെ സംരഭകത്വ വികസന വർഷത്തിന്റെ ഭാഗമായാണ് ഇവർക്ക് അസാപിന്റെ നേതൃത്വത്തിൽ സൗജന്യമായി 150 മണിക്കൂർ പരിശീനം നൽകിയത്. നിരവധി അപേക്ഷകരിൽ നിന്ന് സംരംഭകത്വ താൽപര്യമുള്ള യോഗ്യരായവരെയാണ് പരിശീനത്തിന് തിരഞ്ഞെടുത്തത്. കൊല്ലം കുളക്കടയിലുള്ള അസാപ് കമ്യൂണിറ്റി സ്കിൽ പാർക്കും ബേക്കറി രംഗത്ത് നൈപുണ്യ പരിശീലനം നൽകുന്ന സിംഗപൂരിലെ എക്സ്പീരയൻസും ചേർന്ന് നൽകുന്ന പ്രൊഫഷനൽ സർട്ടിഫിക്കറ്റ് ഇൻ ആർട്ടിസനൽ ബേക്കറി കോഴ്സാണിത്.ശുചിത്വമുള്ള ആധുനിക ബേക്കറി ഉൽപ്പന്ന നിർമാണ യന്ത്രങ്ങളും സാമഗ്രികളും ഉപയോഗിച്ച് കലാപരമായി വിവിധ രുചിവൈധ്യങ്ങളെ രൂപകൽപ്പന ചെയ്യുന്നതിൽ വിശദമായ പരിശീലനമാണ് ഈ കോഴ്സിലൂടെ നൽകുന്നത്. കേക്കുകൾ, പേസ്ട്രികൾ, ഡെസേർട്ടുകൾ എന്നിവ ലൈവായി നിർമിച്ചാണ് പരിശീലനം. കേക്ക് നിർമ്മാണത്തിന്റെ അടിസ്ഥാന പാഠങ്ങളിൽ തുടങ്ങി സ്പഞ്ച് കേക്ക്, ബനാന കേക്ക്, കാസ്റ്റല്ല, ക്രീം ഫിനിഷിങ്, ക്രീം ചീസ് ഫ്രോസ്റ്റിങ്, കപ്പ് കേക്ക്, സ്വിസ്സ് റോൾ, ഷിഫൊൺ കേക്ക്, ഓറഞ്ച് സ്പൈസ് കേക്ക്, കൊക്കോനട്ട് കുക്കീസ്, ചോക്ലേറ്റ് ചിപ്പ് കുക്കീസ്, പിസ്താ ഷോർട് ബ്രഡ്, പീനട്ട് കുക്കീസ്, റോയൽ ഐസിങ്, ബർഗർ ബൺ, ബ്രൗണി, റെഡ് വെൽവെറ്റ്, സ്ട്രോബെറി മൂസ് തുടങ്ങി ഒട്ടേറെ വിഭവങ്ങൾ കാലാപരമായി നിർമ്മിക്കാൻ വീട്ടമ്മമാരെ പ്രാപ്തരാക്കുന്നു.ഈ കോഴ്സ് പൂർത്തിയാക്കുന്നതോടെ ഇവർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള ബേക്കറി നിർമാണ നൈപുണ്യം ലഭിക്കുന്നു. നിലവിൽ അസാപ് കേരളയുടെ വിവിധ കമ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ഈ കോഴ്സ് നൽകി വരുന്നുണ്ട്. അന്താരാഷ്ട്രയ യോഗ്യതകളുള്ള പ്രൊഫഷനൽ പരിശീലകരുടെ നേതൃത്വത്തിലാണ് കോഴ്സ്.

## ടെക്കികളുടെ കുട്ടികൾക്കായി അവധിക്കാല പരിപാടി

PRATHIDHWANI
Welfare Organisation of IT Employees

**തിരുവനന്തപുരം:**ടെക്കികളുടെ കുട്ടികൾക്കായി ഐ.ടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി സംഘടിപ്പിക്കുന്ന കളിമുറ്റം 2023 അവധിക്കാല പരിപാടി മെയ് 28ന് രാവിലെ ഒൻപതു മുതൽ വൈകിട്ട് നാലുവരെ നടക്കും. ടെക്നോപാർക്ക് ക്ലബ്ബിൽ നടക്കുന്ന പരിപാടിയിൽ മൂന്ന് തലങ്ങളിലായി രണ്ടു ഭാഷകളിലായാണ് മത്സരങ്ങൾ നടക്കുക. പ്രീ സ്കൂൾ, ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിലായി നടക്കുന്ന മത്സരങ്ങൾക്കായി മെയ് 27ന് വൈകിട്ട് അഞ്ചുവരെ രജിസ്റ്റർ ചെയ്യാം. പ്രീ സ്കൂൾ വിഭാഗത്തിൽ നഴ്സറി റൈംസ്, കഥ പറച്ചിൽ, കളറിങ്ങ്, അടിക്കുറിപ്പ് മത്സരങ്ങളും എൽ.പി, യു.പി വിഭാഗങ്ങൾക്ക് പദ്യം ചൊല്ലൽ (ഇംഗ്ലീഷ്, മലയാളം), പെയിന്റിങ്ങ്, പെൻസിൽ ഡ്രോയിങ്ങ് മത്സരങ്ങളുമാണ് നടക്കുന്നത്. രജിസ്ട്രേഷന്: https://forms.gle/7gGvsXUmaMvNidKb7. കൂടുതൽ വിവരങ്ങൾക്ക്: അഞ്ജു ഡേവിഡ് (ജനറൽ കൺവീനർ, പ്രതിധ്വനി കളിമുറ്റം2023) 9633542419, സുജിത സുകുമാരൻ (ജോയിന്റ് കൺവീനർ, പ്രതിധ്വനി കളിമുറ്റം 2023) 8089289944.

# കോഴിക്കോട് ആസ്റ്റർ മിംസിലെ എൻഡോക്രൈനോളജി വിഭാഗം വിപുലീകരിച്ചു



**കോഴിക്കോട്:** ആസ്റ്റർ മിംസ് ഹോസ്പിറ്റലിലെ എൻഡോ ക്രൈനോളജി വിഭാഗം കൂടുതൽ മികവുറ്റ സൗകര്യങ്ങളോടെ വിപുലീകരിച്ചു. എൻഡോ ക്രൈനോളജി വിഭാഗത്തിന് മാത്രമായി വിശാലമായ സൗകര്യങ്ങളോടെ പുതിയ ഫ് ളോർ സജ്ജീകരിച്ചതിന് പുറമെ അതിനൂതനമായ ഡയബറ്റിക് മിനിലാബ്, ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് സഹായത്തോടെ പ്രവർത്തിക്കുന്ന അതിനൂതന ഇൻസുലിൻ പമ്പ്, ശരീരത്തിലെ ഗ്ലൂക്കോസിന്റെ അളവ് തുടർച്ചയായി നിരീക്ഷിക്കുന്നതിന് സഹായിക്കുന്ന ആംബുലെറ്റോറി ഗ്ലൂക്കോസ് മോണിറ്ററിംഗ് ഡിവൈസ്, തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഡയബറ്റിക് മിനിലാബ് സംവിധാനവും, ഇൻസുലിൻ പമ്പ് സംവിധാനവുമുള്ള ഉത്തര കേരളത്തിലെ ഏക എൻഡോ ക്രൈനോളജി സെന്ററാണ് കോഴിക്കോട് ആസ്റ്റർ മിംസിലേത് എന്നതും പ്രത്യേകതയാണ്. ഹോർമോൺ സംബന്ധമായ നിലവിലുള്ള എല്ലാ പരിശോധനകളും സജ്ജീകൃതമാക്കിയിട്ടുള്ള ലാബും എടുത്തുപറയത്തക്ക പ്രത്യേകതയാണ്.പ്രമേഹരോഗത്തിന്റെ പ്രത്യാഘാതം അനുഭവപ്പെടാൻ ഏറ്റവും സാധ്യതയുള്ള അവയവമാണ് കാൽപ്പാദം. രൂക്ഷമായ പ്രമേഹബാധ മൂലം കാൽ മുറിച്ച് കളയേണ്ടി വരുന്ന അവസ്ഥ ധാരാളമായി കാണപ്പെടാറുണ്ട്. പ്രമേഹം കാലിനെ ബാധിക്കാനുള്ള സാധ്യത നേരത്തെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുക എന്നതാണ് ഈ അവസ്ഥയെ തരണം ചെയ്യാനുള്ള മാർഗ്ഗം. ഇതിന് സഹായകരമായ ഉപകരണമാണ് ഡയബറ്റിസ് മിനിലാബ്. രക്തക്കുഴലുകളുടെ പ്രവർത്തനം കൃത്യമാണോ എന്ന് തിരിച്ചറിയാൻ സാധിക്കുന്ന എ ബി ഇൻഡക്സ്, ചെറിയ രക്തധമനികളുടെ പ്രവർത്തനം വിലയിരുത്തുന്ന വൈബ്രോത്തോം, പാദത്തിന്റെ ടെമ്പറേച്ചർ അറിയാൻ സഹായകരമാകുന്ന ഫൂട് ടെമ്പറേച്ചർ, പോഡിയാക് സ്കാനിംഗ് എന്നിവ ഈ ഉപകരണത്തിൽ ലഭ്യമാണ്.വിപുലീകരിച്ച എൻഡോക്രൈനോളജി വിഭാഗത്തിന്റെ ഉദ്ഘാടനം ആസ്റ്റർ മിംസ് സി എം എസും കുട്ടികളുടെ സർജറി വിഭാഗം തലവനുമായ ഡോ എബ്രഹാം മാമ്മൻ, ജനറൽ സർജറി വിഭാഗം തലവൻ ഡോ. റോജൻ കുരുവിള, ജനറൽ മെഡിസിൻ വിഭാഗം തലവൻ ഡോ. മനോജൻ തെക്കേടത്ത് എന്നിവർ ചേർന്ന്, നിർവ്വഹിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവിയും സീനിയർ കൺസൽട്ടന്റ് എൻഡോക്രൈനോളജിസ്റ്റുമായ ഡോ. വിമൽ എം. വി, സീനിയർ സ്പെഷ്യലിസ്റ്റ് ഡോ. വിനോദ് യു, പീഡിയാട്രിക് എൻഡോക്രൈനോളജി ജിസ്റ്റ് ഡോ ധന്യ എസ് എം, സി. ഒ. ഒ. ലുക്മാൻ പൊന്മാടത്ത് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

